

# എ.കെ.സി.സി ബുള്ളററിൻ




Vol. 17 No 3 Reg. K 149













www.malankaralibrary.com

# സഭയുടെ അഖിലേന്ത്യാ പ്രശ്നങ്ങളും ക. കോൺഗ്രസ് പരിഗണിക്കണം

**- കർദ്ദിനാൾ ഗ്രേഷ്യസ്**


കത്തോലിക്കാകോൺഗ്രസ്സ് ഇന്ത്യയിലെ ഏററവും വലിയ അൽമായ സംഘടനയാണ്. അതിനനുസരിച്ച ഉത്തരവാദിത്വവും ഈ സംഘടനയ്ക്കുണ്ട്. കേരളത്തിൽ ഏ. കെ. സി. സി. ക്ക ഐതിഹാസികമായ ഒരു ചരിത്രമുണ്ടെന്ന് എനിക്കറിയാം. സേവനത്തിന്റേതായ ആ ചരിത്രം ഇന്ത്യൻ സഭയുടെ ചരിത്രത്തിന്റെതന്നെ ഒരു ഭാഗമാണ്.

സമസ്ത കേരളാടിസ്ഥാനത്തിലും സമസ്ത രൂപതാടിസ്ഥാനത്തിലുമുള്ള ഏ. കെ. സി. സി. യുടെ വളർച്ചയിലും സംരംഭങ്ങളിലും ഞാൻ അതീവ സന്തുഷ്ടനാണ്. കത്തോലിക്കാകോൺഗ്രസ്സ് അഖിലകേരളാടിസ്ഥാനത്തിൽ മാത്രമുള്ള ഒരു സംഘടനയാണെങ്കിലും അഖിലേന്ത്യാതലത്തിലുള്ള സഭയുടെ പ്രശ്നങ്ങളും വികസനങ്ങളും കൂടി പരിഗണിക്കേണ്ടതുണ്ട്.

ഇന്ത്യൻസഭയെ ഇന്ന് അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങളുടെയും പശ്ചാത്തലത്തിനെതിരായി ഇന്നാട്ടിലെല്ലാം സുമനസ്സുകളായ എല്ലാ മനുഷ്യരാലും അംഗീകരിക്കപ്പെടുന്ന ആഹ്ളാദജനകമായ ഒരു വസ്തുത നിലകൊള്ളുന്നു. ക്രിസ്തുമതം ഈ നാടിന്റേതായ ഒരു മതമാണെന്നും, മററെല്ലാ മതങ്ങൾക്കും നൽകുന്ന അവകാശങ്ങൾ അതിനും ലഭിക്കുമെന്നുള്ള ഉറപ്പ് അതർഹിക്കുന്നുവെന്നും, ഈ രാജ്യത്ത് ക്രിസ്തുമതം പ്രാചീനവും സുപ്രതിഷ്ഠിതവും, സമാദരിക്കപ്പെടുന്നതുമായ ഒരു മതമാണെന്നും ജവഹർലാൽനെഹ്റു പാർലമെന്റിൽ പ്രസ്താവിച്ചതായി റിപ്പോർട്ടുണ്ട്. ക്രിസ്തുമതം ഇന്ത്യയിൽ അന്യമോ ഭിന്നമോ ആയി ഉൽകൃഷ്ടവൃത്തങ്ങളിൽ പരാമർശിക്കപ്പെടുന്നുമില്ല.

വിദേശങ്ങളിൽനിന്ന് മിഷനറിമാർ ഇന്ത്യയിൽ പ്രവേശിക്കുന്നതുസംബന്ധിച്ച് ഏർപ്പെടുത്തപ്പെട്ടിരിക്കുന്ന നിയന്ത്രണങ്ങൾ നിമിത്തം പ്രേഷിതരുടെ വൈരള്യം ഇപ്പോൾ വിഷമതരവും, കൂടുതൽ സങ്കീർണ്ണവുമായ ഒരവസ്ഥയെ പ്രാപിച്ചിരിക്കുകയാണല്ലൊ.

പരമ്പരാഗതമായ അർത്ഥത്തിൽ സമാന്തരങ്ങളും പരസ്പര പോഷിതങ്ങളുമായ രണ്ടു ഘടകങ്ങളായ സഭയുടെയും രാഷ്ട്രത്തിന്റെയും പ്രശ്നമല്ലഇന്നുള്ളത്. സകലമനുഷ്യയത്നങ്ങളുടെയും ഉൽഭവവും ലക്ഷ്യവും സമൂഹമാണെന്നുവിശ്വസിക്കു



ന്ന ഒരു ജനതാമദ്ധ്യത്തിൽ മതത്തെ എങ്ങനെ നിലനിറുത്തണ്ടു എന്നതാണു പ്രശ്നം.

ഭൂതകാലത്തിൽ ഒരു സമൂഹത്തിന്റെ ജീവിതം രാഷ്ട്രത്തിനു സിദ്ധിച്ചിരുന്ന ശക്തിയുടെ ആസ്ഥാനമായിരുന്നു. ഇന്ന് സ്ഥിതിഗതികൾ വ്യത്യാസപ്പെട്ടിരിക്കുന്നു. വിവധങ്ങളായസാമുദായിക പ്രശ്നങ്ങളുടെ പ്രതിബന്ധങ്ങൾ തിരസ്കൃതങ്ങളായിരിക്കുന്നു. തൽഫലമായി ഇന്ന് ഏകജനസമൂഹമാണുള്ളത്. രാഷ്ട്രം ഇന്ന് ദേശീയവും വർഗ്ഗീയവുമായ ജനങ്ങളുടെ ഉപകരണമായിട്ടുണ്ട്.

ഈ പരിവർത്തനത്തിന്റെ പ്രകടനം കമ്യൂണിസ്റ്റ് സിദ്ധാന്തത്തിൽമാത്രമല്ല, ജനകീയമെന്നു കരുതുന്ന സിദ്ധാന്തങ്ങളിലും കാണാവുന്നതാണ്.

ഡെമോക്രസി എന്നു പറഞ്ഞാൽ വ്യക്തികളുടെയും വിഭാഗങ്ങളുടെയും വിമോചനം മാത്രമാണെന്നല്ല അർത്ഥമായിത്തീർന്നിരിക്കുന്നത്. അത് സമൂഹത്തിന്റെ സുചിന്തിതമായ ആത്മബോധത്തിന്റെയും പ്രകടനമാണ്.

നമ്മുടെ പരമാധികാര ജനാധിപത്യറിപ്പബ്ളിക്കിന്റെ ഭരണഘടനയിൽ വേണ്ടത്ര ഉറപ്പുകൾ നൽകീട്ടുണ്ടെങ്കിലും ചിരകാലമായി വേരൂന്നി ഉറച്ചുപോയിട്ടുള്ള മുൻവിധികൾക്കും വീക്ഷണഗതികൾക്കും ഞൊടിയിടകൊണ്ടു മാററം വരുത്തുവാൻഅവയ്ക്കുസാദ്ധ്യമല്ല എന്നുള്ളതു വിസ്മരിച്ചുകളയരുത്.

ജനങ്ങൾ മഹാഭൂരിപക്ഷവും അക്രൈസ്തവരും അവരിൽ ചില വിഭാഗങ്ങൾ ഉൽപതിഷ്ണുക്കളും, ചിലർ സമരോദ്യുക്തരും, ക്രൈസ്തവ വിദ്വേഷികളുമായിരിക്കുന്ന നമ്മുടേതുപോലെയുള്ള ഒരു രാജ്യത്ത് പരിഭവങ്ങളിൽനിന്നു പാടേ ഒഴിഞ്ഞു നിൽക്കാമെന്നു പ്രതീക്ഷിക്കുന്നത് കുറെ അധികപ്പററായിരിക്കും.

മതേതരനയത്തിൽ മതപരമായ പക്ഷപാതിത്വം ഒഴിവാക്കുന്നെങ്കിലും ഔദ്യോഗിക നടപടികളിലും സമ്പർക്കങ്ങളിലും തികഞ്ഞ മതേതരത്വം പാലിക്കുക നിയമനിർമ്മാതാക്കളേയും ഭരണകർത്താക്കളേയും സംബന്ധിച്ചിടത്തോളം സങ്കീർണ്ണവും ദുർഘടവുമായ ഒരു പ്രശ്നമാണ്. അവർ അവരുടെ സ്വന്തം മതത്തെ മനഃപൂർവ്വം സഹായിച്ചില്ലെങ്കിലും അറിയാതെതന്നെ അതിന്റെ സ്വാധീനത്തിൽപെട്ടുപ്രവർത്തിച്ചെന്നുവരാം.

നമുക്കു നേരിടുന്നതും, നേരിടാവുന്നതുമായ പ്രശ്നങ്ങളെ ഞാനിങ്ങനെ കത്തോലിക്കാ കോൺഗ്രസിന്റെ മുമ്പിൽ വയ്ക്കുകയാണ്. അനുഭവങ്ങൾ അപ്രതീക്ഷിതമാവാതിരിക്കാനാണ് ഞാനിത്രയും പറഞ്ഞത്. കത്തോലിക്കാ കോൺഗ്രസ് ശക്തിപ്പെട്ടു വരികയാണ്. അതോടൊപ്പം അഖിലേന്ത്യാതലത്തിലുള്ള സഭയുടെ പ്രശ്നങ്ങളിൽനിന്നു സംഘടനയ്ക്കു ഒഴിഞ്ഞു മാറുകവയ്യാ.

(മുട്ടുചിറ സമ്മേളന പ്രസംഗം
1954 മെയ് 27

# കത്തോലിക്ക കോൺഗ്രസ്സിന്റെ ആവിർഭാവം

**- ദീപിക**

1965 കത്തോലിക്കാ കോൺഗ്രസ്സിന്റെ വജ്റജൂബിലി വർഷമാണ്. 1905-ൽ മാന്നാനത്തെ നാല്പതുമണിആരാധന സമാപിച്ച മെയ് 13-ാംതീയതി ശനിയാഴ്ചയാണ് ഇന്നത്തെ കത്തോലിക്കാ കോൺഗ്രസ്സിന്റെ കരടുരൂപമായ കത്തോലിക്കാ ക്രിസ്തീയ മഹാസഭ ആവിർഭവിച്ചതു്. കത്തോലിക്കാ കോൺഗ്രസ്സ് എന്ന നാമധേയം പിന്നീട് പല പേരുമാററങ്ങൾക്കുശേഷം മാത്രം ഉണ്ടായതാണ്.

മാന്നാനത്തുവച്ച് ഈ മഹാസഭ ഉണ്ടാവുന്നതിനു വളരെ മുമ്പുമുതൽ കത്തോലിക്കർക്ക് ഒരു സാമൂഹിക രാഷ്ട്രീയ സംഘടന വേണമെന്നുള്ളകാര്യം നസ്രാണിദീപികയിൽ ചർച്ചാവിഷയമായിരുന്നു. ഇതര സമുദായസംഘടനകളുടെ പ്രവർത്തനവും അവയെക്കൊണ്ട് ആ സമുദായങ്ങൾക്കുണ്ടായിരുന്ന നേട്ടവുമാണ് കത്തോലിക്കരുടെ ചിന്താഗതിയെ ഈ വഴിക്കു തിരിച്ചതു്.

സി. അന്തപ്പായി, ജോൺ നിധീരി, ഐ. സി. ചാക്കോ, കള്ളിയത്ത് അന്തോണി, പള്ളിവാതുക്കൽ ചാണ്ടി, മയ്യനാട്ടു് ജോസഫ്, ചേററുപുഴക്കാരൻ ജോസഫ് വറുഗീസ് ചാണ്ടി, പി. ജെ. ജോസഫ്, ഏ. സി. അലക്സാ ണ്ടർ, ടി. ജെ. മാത്യു തുടങ്ങിയ അന്നത്തെ പുരോഗമനവാദികളായ ചെറുപ്പക്കാരെല്ലാംതന്നെ ഒരു സമുദായസംഘടനയ്ക്കുവേണ്ടി പണിപ്പെട്ടിരുന്നു എന്ന് ദീപികയുടെ പഴയലക്കങ്ങൾനോക്കിയാൽ കാണാം.

എന്നിരുന്നാലും ഒരു സമുദായസംഘടന കെട്ടിപ്പടുക്കുന്നതിനു പല പ്രതിബന്ധങ്ങളും അന്നുണ്ടായിരുന്നു. അവയിൽ പ്രധാനം റീത്തുവ്യത്യാസങ്ങളും, പ്രാദേശികമത്സരങ്ങളുമായിരുന്നു എന്നു പറയാം. കത്തോലിക്കർ ഒന്നിച്ചുകൂടുന്നിടത്തൊക്കെഇന്നയിന്ന റീത്തുകാരും ദേശക്കാരും എത്രയെത്ര ഉണ്ടെന്നു തിട്ടപ്പെടുത്തി ആക്ഷേപം പുറപ്പെടുവിക്കാനാണു പലരും വ്യഗ്രത കാട്ടിയിരുന്നതു്.

എന്നാൽ ആണ്ടുതോറുമുള്ള മാന്നാനത്തെ നാല്പതുമണി ആരാധനയിൽ കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും റീത്തുവ്യത്യാസം നോക്കാതെ കത്തോലിക്കർ വന്നു സംബന്ധിച്ചിരുന്നു. അതുകൊണ്ടാണ് ഒരു സമുദായ സമ്മേളനം കൂടാനും സമുദായസംഘടന ഉണ്ടാക്കാനും മാന്നാനത്തെ നാല്പതുമണി ആരാധനയുടെ സമാപനദിവസം നേതാക്കന്മാർ തിരഞ്ഞെടുത്തതു്. എന്നിട്ടുപോലും ആ സമ്മേളനത്തെപ്പററി റീത്തിനേയും പ്ര...

ദേശത്തേയും ആധാരമാക്കിയുള്ള വിവാദങ്ങളും വാശിപിടുത്തവും കുറേക്കാലം ഉണ്ടായി.

ഇന്നത്തെ മാനദണ്ഡങ്ങൾവച്ചു നോക്കിയാൽ പറയത്തക്ക ഒരുക്കമൊന്നുമില്ലാതെയാണ് മാന്നാനം സമ്മേളനം കൂടിയതു്. എങ്കിലും നാല്പതുമണി ആരാധനയ്ക്കു വന്നവർക്കൊക്കെ അതിൽ സംബന്ധിക്കാൻ സൗകര്യമുണ്ടായിരുന്നു. എല്ലാ റീത്തുകാരും ദേശക്കാരുമായ വലിയ ഒരു സംഖ്യ ആളുകൾ അതിൽ സംബന്ധിക്കുകയും ചെയ്തു. മാന്നാനത്തെ നാല്പതുമണി ആരാധന ഒരു സമുദായസമ്മേളനം കൂടിയാണെന്നു തലേക്കൊല്ലത്തെ പ്രസംഗത്തിൽ നിധീരിക്കൽ മാണിക്കത്തനാർ പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ഈ വാക്കുകളാണ് പിറേറക്കൊല്ലം ഒരു സമുദായസമ്മേളനംതന്നെ നടത്താൻ നേതാക്കന്മാരെ പ്രേരിപ്പിച്ചതെന്നു വിചാരിക്കുന്നത് ഒട്ടും അസംഗതമല്ല.

മാന്നാനംയോഗത്തിന്റെ നിശ്ചയങ്ങളിൽ ഒന്ന് അമ്പത്താറാം ദിവസം ആലപ്പുഴ ലത്തീൻപള്ളിക്കു സമീപമുള്ള മങ്ങാടപ്പള്ളി മാളികയിൽ വച്ച് കത്തോലിക്കാ മഹാജനയോഗം ചേരണമെന്നതായിരുന്നു. അതനുസരിച്ച് 1905 ജൂലൈ 8-ാം- ആലപ്പുഴെ കൂടിയ യ യോഗത്തിൽ മാന്നാനം സമ്മേളനത്തിന്റെ റിപ്പോർട്ടുവായിച്ച് അംഗീകരിച്ചിട്ടുണ്ട്.

അതിൽ ഇങ്ങനെ പറയുന്നു: ,,ഇക്കഴിഞ്ഞ മെയ്മാസം 13-ാംനു- ശനിയാഴ്ച മാന്നാനം സെൻറ് എഫ്റേംസ് ഹൈസ്കൂളിലായിരുന്നു ഇതിന്റെ പ്രാരംഭയോഗം കൂടിയതു്. കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും നാല്പതുമണി ആരാധനയ്ക്കു വന്നവരായി അനവധി യോഗ്യന്മാർ ആ യോഗത്തിൽ ഹാജരുണ്ടായിരുന്നു. സർവ്വ സമ്മതപ്രകാരം കരുവിനാൽക്കുന്നേൽ തൊമ്മൻ അവർകൾ അദ്ധ്യക്ഷത വഹിച്ചു. അനന്തരം സമുദായത്തിന്റെ താൽക്കാലിക സ്ഥിതിയേയും അതിനെ പരിഹരിക്കുന്നതിനായി ഒരു പൊതുസഭ ഏർപ്പെടുത്തേണ്ട ആവശ്യകതയേയും സമഷ്ടിയായി വിവരിച്ച് പി. ഐ. ചാണ്ടി ബി. എ. ഒരു പ്രസംഗം ചെയ്തു. കേരളത്തിലെ കത്തോലിക്കരുടെ സമുദായാഭിവൃദ്ധിക്കായി പരിശ്രമിക്കുന്നതിന് ഒരു പൊതുസഭ ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണെന്ന് എല്ലാവരും ഏകകണ്ഠമായി അഭിപ്രായപ്പെട്ടു,, ഇങ്ങനെയാണ് നമ്മുടെ ഈ മഹാജനസഭയുടെ ഉൽഭവം. അന്നേദിവസം അദ്ധ്യക്ഷനും കാര്യദർശിയും ഉൾപ്പെടെ പത്തു മാന്യന്മാരെ ഒരു നിർവ്വാഹകസംഘമായി ഏർപ്പെടുത്തി. ആദ്യയോഗത്തിലെ നിശ്ചയമനുസരിച്ച് നിർവ്വാഹകസംഘക്കാരുടെ അപേക്ഷപ്രകാരം മഹാരാജശ്രീ പാറായിൽ അവിരാ വർക്കി തരകനവർകൾ ഈ സഭയുടെ സ്ഥിരാദ്ധ്യക്ഷനായിരിക്കാമെന്ന് സദയം സമ്മതിച്ചിട്ടുണ്ട്. പ്രവർത്തകർക്ക് ഉത്സാഹത്തേയും ധൈര്യത്തേയും വർദ്ധിപ്പിക്കുന്നതിനും തനിക്കു സ്വാഭാവികമായുള്ള സമുദായസ്നേഹത്തെ പ്രത്യക്ഷീകരിക്കുന്നതിനും അദ്ദേഹം ഇതാ ഇന്നത്തെ യോഗത്തിൽ സന്നിഹിതനായി ഇതിന്റെ ആദ്ധ്യക്ഷം വഹിച്ചിരിക്കുന്നു.,,

മാന്നാനം യോഗത്തിലെ പ്രധാന പ്രസംഗകൻ എന്ന് ഈ റിപ്പോർട്ടിൽ വിശേഷിപ്പിച്ചിട്ടുള്ള പള്ളിവാതുക്കൽ ചാണ്ടിയുടെ പ്രസംഗം അന്നത്തെ സമുദായസ്ഥിതി നല്ലവണ്ണം പ്രതിഫലിപ്പിക്കുന്നതാണ്. ആ പ്രസംഗം ആരംഭിച്ചതു് ഇങ്ങനെയാണ്: ,,അല്ലയോ മാന്യന്മാരെ, ഈ പ്രാരംഭയോഗത്തിൽ നാം ഇപ്പോൾ ഇവിടെ കൂടിയിരിക്കുന്നതു് നമ്മുടെ വകയായി ഒരു സഭ ഏർപ്പെടുത്തുന്നതിനെപ്പററി ആലോചിക്കുന്നതിനും കഴിയുമെങ്കിൽ നാം ഇപ്പോൾ ആഘോഷിച്ചു വരുന്നതായ നാല്പതുമണി ആരാധനയുടെ പരിമളം നാമെല്ലാവരെയും പരിശുദ്ധരാക്കിയിരിക്കുന്ന ഈ സുമുഹൂർത്തത്തിൽ ആ സഭയുടെ അടിസ്ഥാനം ഇടുന്നതിനുംകൂടിയാണ്.,,

ഇങ്ങനെ അടിസ്ഥാനമിട്ട കത്തോലിക്കാ മഹാജന സഭയാണ് ഇന്ന് അഖിലകേരള കത്തോലിക്കാകോൺഗ്രസ് എന്ന പേരിൽ അറിയപ്പെടുന്നതു്.

ഈ സംഘടനയെ അതിന്റെ ബാലാരിഷ്ടതകളിൽനിന്നു രക്ഷിച്ചതു് അന്ന്അതുല്യ പ്രഭാവവനായിരുന്നപാറായിൽ വർക്കിത്തരകന്റെ നേതൃത്വമാണ്. ആലപ്പുഴ സമ്മേളനത്തിനുശേഷം സംഘടന അതിവേഗം വളർന്ന് പ്രശസ്തിയും പ്രതാപവും ആർജ്ജിച്ചു.

പിന്നീട് ജനാധിപത്യത്തിന്റെയും രാഷ്ട്രീയപാർട്ടികളുടെയും ആവിർഭാവത്തോടുകൂടിയാണ് സമുദായാംഗങ്ങൾ തങ്ങളുടെ സമുദായസംഘടനയെ അവഗണിച്ചുതുടങ്ങിയതു്. എന്നാൽ സമുദായത്തിന്റെ അഭിമാനത്തെക്കൂടി വിററുതിന്നുന്ന രീതിയിൽ രാഷ്ട്രീയക്കാർ പെരുമാറിത്തുടങ്ങിയപ്പോൾ കത്തോലിക്കർ അവരുടെ സമുദായസംഘടനയുടെ കാര്യത്തിൽ പൂർവ്വാധികം ഉത്സാഹം കാട്ടിത്തുടങ്ങിയിട്ടുണ്ട്.

ഈയവസരത്തിൽ കത്തോലിക്കാകോൺഗ്രസ്സിന്റെ വജ്റജൂബിലി സാഘോഷം കൊണ്ടാടുന്നതിനും കത്തോലിക്കാ കോൺഗ്രസിന്റെ സമഗ്രമായ ചരിത്രം പ്രസിദ്ധപ്പെടുത്തുന്നതിനും കത്തോ ലിക്കാകോൺഗ്രസ്സ് ഭാരവാഹികൾ ഉത്സാഹിക്കുന്നതു് ഭാവി പ്രവർത്തനങ്ങൾക്ക് സഹായകമായിരിക്കും.

(ദീപികയുടെ മുഖപ്രസംഗം, മെയ് 12, 1965).

## എ. കെ. സി. സി. യുടെ ലക്ഷ്യം

,,സഭാഭരണം സംബന്ധിച്ച കാര്യങ്ങളിൽ ഇടപെടാതെയും ഒരു തനി രാഷ്ട്രീയകക്ഷിയായി നിലകൊള്ളാതെയും കേരളീയ കത്തോലിക്കരുടെ മതപരവും, സാമുദായികവും, സാംസ്കാരികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ താല്പര്യങ്ങളുടെ പരിരക്ഷണത്തിനും, സമുദായത്തിന്റെ സർവ്വതോമുഖമായ ഉത്ക്കർഷത്തിനുംവേണ്ടി യത്നിക്കുകയാകുന്നു ഈ കോൺഗ്രസ്സിന്റെ ലക്ഷ്യം.,,

(ഭരണഘടന)

## എ. കെ. സി. സി. യുടെ വ്യാപ്തി

,,കേരള സംസ്ഥാനം മുഴുവനും ഈ കോൺഗ്രസ്സിന്റെ പ്രവർത്തനപരിധിയിൽ പെടുന്നതും, ആ ആ പ്രദേശത്ത് അധിവസിക്കുന്നവരും, കേരളീയരിൽ കേരളത്തിനു പുറമേ അധിവസിക്കുന്നവരുമായ എല്ലാ കത്തോലിക്കരേയും ഈ കോൺഗ്രസ്സ് പ്രതിനിധാനം ചെയ്യുന്നതും, മേൽപറയപ്പെട്ടവർക്കുമാത്രം ഈ കോൺഗ്രസ്സിൽ അംഗത്വത്തിന് അർഹതയുണ്ടായിരിക്കുന്നതുമാകുന്നു.,,

(ഭരണഘടന)

## എ. കെ. സി. സി. യുടെ അംഗത്വം

,,ഏതെങ്കിലും ഒരു ഇടവകയിൽ അംഗമായിരിക്കുകയും പതിനെട്ടു വയസ്സ് പൂർത്തിയായിരിക്കുകയും, സഭാസംബന്ധമായ ശിക്ഷയ്ക്കു വിധേയനല്ലാതിരിക്കുകയും, പൊതുവേ സഭയാൽ നിരോധിക്കപ്പെട്ടതോ, രൂപതാദ്ധ്യക്ഷനാൽ വിലക്കപ്പെട്ടതോ ആയ യാതൊരു സംഘടനയിലും അംഗമല്ലാതിരിക്കുകയും ചെയ്യുന്ന ഏതൊരു കത്തോലിക്കനും സ്ത്രീപുരുഷഭേദമെന്യേ ഈ ഭരണഘടനയ്ക്കു വിധേയമായി ഈ കോൺഗ്രസ്സിന്റെ ഒരു സാമാജികനായിരിക്കാവുന്നതാണ്.,,

(ഭരണഘടന)

## എ.കെ.സി.സി. യുടെ രക്ഷാധികാരികൾ

,,കേരളത്തിൽ ആസ്ഥാനമുള്ള എല്ലാ കത്തോലിക്കാ രൂപതാദ്ധ്യക്ഷന്മാരും ഈ കോൺഗ്രസ്സിന്റെ രക്ഷാധികാരികളാകുന്നു.,,

(ഭരണഘടന)

## കത്തോലിക്കകോൺഗ്രസ്സ് ചരിത്രം

ആറു ദശാബ്ദങ്ങളായി കത്തോലിക്കാ കോൺഗ്രസ്സ് ആരംഭിച്ചിട്ട്. ദീപികയിൽ അടുത്തകാലത്തു പ്രത്യക്ഷപ്പെട്ട അമ്പതോളം ചരിത്രലേഖനങ്ങൾ ഒരു വമ്പിച്ച മുതൽക്കൂട്ടായിരുന്നു. ഇനിയും ഇരുളടഞ്ഞ ചരിത്രഭാഗങ്ങളുണ്ട്. നേതാക്കന്മാരെപ്പററി പൂർണ്ണവിവരങ്ങൾ വെളിച്ചത്തു വരണം. പ്രവർത്തകരുടെ സ്മരണകളും രസപ്രദമായിരിക്കും. ഈവക കാര്യങ്ങൾക്ക് ബുള്ളററിനിൽ സ്വാഗതം.

—എഡിററർ.

## സംഭാവന ചെയ്യുക

ബുള്ളററിൻ ക്രമമായി പ്രസിദ്ധീകരിക്കാൻ വമ്പിച്ച ചെലവുണ്ട്. വരിസംഖ്യ മുഴുവനും കിട്ടിയാൽതന്നെ ഈ പ്രസിദ്ധീകരണം മുടങ്ങാതെ നടത്തിക്കൊണ്ടുപോകാൻ പ്രയാസം. നിങ്ങളുടെ മൊത്തം വരുമാനത്തിൽ ഒരു ചെറിയ സംഖ്യ ബുള്ളററിൻ ഫണ്ടിലേയ്ക്കു സംഭാവനചെയ്യുക.

—എഡിററർ.

www.malankaralibrary.com

# സമുദായ പുരോഗതിക്കുവേണ്ടി ഭാഗ്യക്കുറി വിജയിപ്പിക്കുക

(ഷെവ. ജോസഫ് വിതയത്തിൽ പ്രസിഡൻറ്, എ. കെ. സി. സി.)

സമുദായാഭിമാനികളേ,

നിറഞ്ഞ മനസ്സോടും, തികഞ്ഞ വിശ്വാസത്തോടുംകൂടിയാണ് ഞാനിതെഴുതുന്നതു്. ഇതിനു മുമ്പും, ഞാനും എൻെറ മുൻഗാമി



കളും, ഇങ്ങനെ എഴുതിയിട്ടുണ്ട്; പറഞ്ഞിട്ടുമുണ്ട്. എങ്കിലും ഈ പ്രാവശ്യം ഞാനിതെഴുതുമ്പോൾ ,,ഇപ്പോൾ, അല്ലെങ്കിൽ ഒരിക്കലുമില്ല,, എന്ന ഒരു തോന്നൽ ഉപബോധമനസ്സിൽനിന്നും പൊന്തിവരുന്നതുപോലെ തോന്നി. അതുകൊണ്ടാണ്, ഹൃദയംനിറഞ്ഞ വികാരവിചാരങ്ങളാൽ മുഗ്ദ്ധമായ മനസ്സോടുകൂടി ഈ നർമ്മസംഭാഷണത്തിനു മുതിരുന്നതു്.

കത്തോലിക്കാ കോൺഗ്രസ്സ് അനേകനാളുകളായി ആശിക്കുകയും, പ്രതീക്ഷകളോടെ ആവിഷ്ക്കരിക്കുകയും ചെയ്ത പല സാമൂഹ്യസേവനപദ്ധതികളും നടപ്പാക്കുന്നതിനുവേണ്ടി പത്തുലക്ഷം രൂപയുടെ ഒരു നിധി സംഭരിക്കുവാനുള്ള സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. കേരളാ ഗവർമ്മെൻറ്, കോൺഗ്രസിൻെറപേരിൽ ഒരു റാഫിൾ നടത്തുവാൻ ദയാപൂർവ്വം അനുമതി നൽകിയതിനെ, സമുദായത്തിൻെറപേരിൽ ഞാൻ കൃതജ്ഞതയോടെ സ്മരിക്കുകയാണ്.

കോൺഗ്രസ്സിൻെറ യൂണിററുകൾ നമ്മുടെ ഇടവകകളാണ്. ഓരോ ഇടവകയിലും, ഓരോ ശാഖയും, ഓരോ രൂപതയിലും ഓരോ രൂപതാസംഘവുമുള്ള ഒരു ഫെഡറൽ ഭരണഘടനയാണ് കത്തോലിക്കാ കോൺഗ്രസ്സിൻേറതു്.

നമ്മുടെ റാഫിൾ നവംബർ ഒന്നുമുതൽതന്നെ സംസ്ഥാനത്തിൻെറ വിവിധഭാഗങ്ങളിൽ ടിക്കററുകൾ വിതരണം ചെയ്തുകൊണ്ട് സമാരംഭിച്ചുകഴിഞ്ഞു. എല്ലാ ഭാഗങ്ങളിലും ടിക്കററുകൾ ഇപ്പോഴേയ്ക്കും എത്തിച്ചു കഴിഞ്ഞിട്ടുണ്ട്.

ഞാൻ മുമ്പു പറഞ്ഞ ഇടവകയൂണിററുകളാണ് നമ്മുടെ റാഫിൾ വിജയിപ്പിക്കുവാൻ കഴിവുള്ള ഏക ഏജൻസി. കേന്ദ്ര ആഫീസിൽനിന്നോ, രൂപതാ ഭാരവാഹികൾ വഴിക്കോ വളരെ വിപുലമായതരത്തിൽ ടിക്കററുകൾ വിതരണം ചെയ്യുക പ്രായേണ അസാദ്ധ്യമാണ്. അതിനാൽ ഞാൻ എല്ലാ ഇടവകയിലേയും, ബ. വികാരിയച്ചന്മാരോടും, ബ. ഇതര വൈദികരോടും സമുദായത്തിൻെറ ഉൽകൃഷ്ട സേവന പാരമ്പര്യത്തിൻെറയും സാമൂഹ്യഭദ്രതയ്ക്കുവേണ്ടിയുള്ള ഒരു സംരംഭമെന്നതിൻെറയുംപേരിൽ വിനീതമായി അഭ്യർത്ഥിക്കുകയാണ്, ഓരോ ഇടവകയിലേയും കുടുംബങ്ങളിൽ റാഫിൾടിക്കററുകൾ വിൽക്കുന്നതിനുള്ള യത്നങ്ങൾക്ക് സജീവ നേതൃത്വവും, മാർഗ്ഗ ദർശനവും നൽകണമെന്നു്.

കോൺഗ്രസ്സിൻെറ ഉത്തരവാദിത്വമേറിയ ഒരു ഭാരവാഹി എന്ന നിലയിൽ, സമുദായത്തിൻെറ മുഴുവൻ അഭിമാനത്തെ ഗൗനിക്കുന്ന എല്ലാ കത്തോലിക്കരോടും ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്, നമ്മുടെ സമൂഹത്തിൻെറ യോഗക്ഷേമ പ്രവർത്തനങ്ങളിൽ ഒരു ചെറിയ പങ്കുവഹിക്കുവാൻ, മുന്നോട്ടുവന്നു്, എ. കെ. സി. സി. റാഫിൾ ടിക്കററുകൾ എത്തിയിട്ടില്ലാത്ത സ്ഥലത്തു് എത്തിക്കുവാനും, പ്രവർത്തനമാന്ദ്യം ഭവിച്ച സ്ഥലങ്ങളിൽ സഹകരണത്തിൻെറ ഉൽകൃഷ്ടസേവനം അർപ്പിക്കുവാനും.

ഓരോ ഇടവകയിലേയും, സാമൂഹ്യപ്രവർത്തകർ ബ. വൈദികരോട് ചേർന്നു്, ഒരു മാസത്തിൽ 6—ം 7—ം ദിവസംവീതം റാഫിൾപ്രചരണത്തിനു് സ്വമേധയാ മുന്നോട്ടിറങ്ങണമെന്ന അഭ്യർത്ഥനയോടെ, എല്ലാവർക്കും ക്രിസ്മസിൻെറ മംഗളങ്ങൾ നേർന്നുകൊള്ളുന്നു.

—0—

# ക്രിസ്തുമസ്സ് കാർഡിനു് പകരം ലോട്ടറിടിക്കററ്

—സി. എം. ജോൺ—

ക്രിസ്മസിൻെറ മംഗളങ്ങൾ ആശംസിച്ചുകൊണ്ടു നാം സ്നേഹിതർക്കും ബന്ധു ജനങ്ങൾക്കും കാർഡുകളും, സമ്മാനങ്ങളും അയച്ചുകൊടുക്കുക ക്രിസ്മസ്കാലത്തു പതിവാണല്ലൊ.

എന്നാൽ 1966—ലെ ക്രിസ്മസിനു് ഒരു പുതിയ മംഗളമാദ്ധ്യമം അവതരിപ്പിച്ചുകൊള്ളട്ടെ. ഭാഗ്യപരീക്ഷണത്തിനും, മംഗളാശംസയ്ക്കും സമുദായസേവനത്തിനും ഒരേസമയത്തു് പററിയ ഒരു മംഗള മാദ്ധ്യമം. — സമുദായസ്നേഹികൾ ഒന്നു പരീക്ഷിച്ചുനോക്കുവാൻ സവിനയം അഭ്യർത്ഥിക്കുകയാണ്.

ഇതാണ് ആധുനിക മംഗളാശംസാമാദ്ധ്യമം. ക്രിസ്മസ്കാർഡുകൾക്കുപകരം എ. കെ. സി. സി. യുടെ ഒരു ഭാഗ്യക്കുറി ടിക്കററു വാങ്ങി അയച്ചുകൊടുക്കുക. ഭാഗ്യമുള്ളവർക്ക് തക്കതായ സമ്മാനം ലഭിക്കുന്നതിനുപുറമേ കത്തോലിക്കാകോൺഗ്രസ്സിൻെറ വികസനപരിപാടികൾക്ക് അതു ഒരു സഹായമാകുന്നതാണ്.

ടിക്കററും മംഗളാശംസയും ആരുടെപേർക്ക് അയയ്ക്കണമെന്ന വിശദവിലാസം കാണിച്ച് രണ്ടു രൂപ. കൺവീനർ, ലോട്ടറി, എ. കെ. സി. സി. ആഫീസ്, കോട്ടയം എന്ന വിലാസത്തിൽ മണിയോർഡർ അയച്ചുതന്നാൽ ടിക്കററും മംഗളാശംസയും പ്രത്യേകകാർഡിൽ ചേർത്തു് നിങ്ങളുടെ പേർക്കായി മേൽവിലാസക്കാരനു് എ. കെ. സി. സി. ആഫീസിൽനിന്നു് ആഫീസ് ചിലവിൽ അയച്ചുകൊടുക്കുന്നതാണ്.

## ഭക്തസംഘടനകൾ

എല്ലാ രൂപതകളിലും ഇടവകകളിലും അൽമായ സംഘടനകളും ഭക്തസംഘടനകളും ഉണ്ട്. അവയെ നിങ്ങൾക്കു പരിചയപ്പെടേണ്ടേ? ബുള്ളററിനിൽ അവയെ അണിനിരത്തും. അധികം താമസിക്കാതെതന്നെ.

—എഡിററർ.

## കുടുംബചരിത്രം

കേരള കത്തോലിക്കാ സമുദായത്തിൽ അത്ഭുതം സൃഷ്ടിച്ച കുടുംബങ്ങളുണ്ട്. പുരാതനവും സേവനനിരതവുമായ അത്തരം കുടുംബങ്ങളെപ്പററിയുള്ള ലേഖനങ്ങൾക്ക് ഈ ബുള്ളററിനിൽ സ്വാഗതം

—എഡിററർ.

## വത്തിക്കാൻ വാർത്തകൾ

കത്തോലിക്കാസഭയുടെ സിരാകേന്ദ്രമായ വത്തിക്കാനിൽനിന്നു അനുദിനമുള്ള വാർത്തകൾ നമ്മുടെ പ്രത്യേക പ്രതിനിധി ഈ ബുള്ളററിനിൽ പ്രസിദ്ധപ്പെടുത്തും. മാർപ്പാപ്പായുടെ പരിപാടികളും കർദ്ദിനാളന്മാരുടെ വാർത്തകളും അതിലുൾപ്പെടും.

—എഡിററർ.

## രൂപതാവാർത്തകൾ

കേരളത്തിലെ 16 രൂപതകളിൽ എന്തെല്ലാം വികസ പ്രവർത്തനങ്ങളാണ് നടക്കുന്നതു്? ബിഷപ്പുതിരുമേനിമാരുടെ പ്രവർത്തനപരിപാടികൾ എന്തൊക്കെയാണ്? ഓരോ രൂപതയും എങ്ങനെ വളരുന്നു? ഇവ ബുള്ളററിനിലെ രൂപതാവാർത്തകളിൽനിന്നു നിങ്ങൾക്കറിയാം.

—എഡിററർ.

## വിശുദ്ധന്മാരുടെ ജീവചരിത്രം

വിശുദ്ധന്മാരുടെ ജീവചരിത്രം വ്യക്തികളെ ശുദ്ധീകരിക്കും. വിശുദ്ധിയുടെ സോപാനത്തിലേയ്ക്കു അവർ ആകർഷിക്കപ്പെടും. നമ്മുടെ നാട്ടിലും അനവധി വിശുദ്ധന്മാരുണ്ടാകും. വിശുദ്ധന്മാരെ നമുക്ക് ബുള്ളററിനിൽ പരിചയപ്പെടാം.

—എഡിററർ.



,,അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും സന്മനസ്സുള്ളവർക്കു് ഭൂമിയിൽ സമാധാനവും''

വി. ലൂക്കോസ് 2—14

# വൈദികരുംകൂടി സഹകരിച്ചാൽ സംഘടന പുരോഗമിക്കും

—ഇ. പി. വറുഗീസ്—

കത്തോലിക്കാ കോൺഗ്രസ് ആവശ്യമായ ഒരു സംഘടനയാണ്. പക്ഷെ, അതു പുരോഗമിക്കുന്നില്ല. കത്തോലിക്കാ കോൺഗ്രസ്സിനു് വാസ്തവത്തിൽ പ്രവർത്തിക്കുവാൻ രംഗങ്ങളില്ല. പിന്നെ എങ്ങനെ പ്രവർത്തിക്കും? എങ്ങനെ പുരോഗമിക്കും?

ഇതര സമുദായ സംഘടനകളും, കത്തോലിക്കാകോൺഗ്രസ്സുമായി പലരും തുലനം ചെയ്യാറുണ്ട്. മററു സമുദായ സംഘടനകളുടെ വളർച്ചയെപ്പററി പറയാറുണ്ട് പക്ഷെ അവയെ കത്തോലിക്കാ കോൺഗ്രസിനോടു താരതമ്യപ്പെടുത്തരുതു്. അവരുടെ ഓരോ സ്ഥാപനവുമാണ് ആ വളർച്ചയുടെ ചൂണ്ടുപലക. സ്കൂളുകൾ, കോളേജുകൾ ആശുപത്രികൾ, ദിനപ്പത്രങ്ങൾ, തുടങ്ങിയവയാണ് ആ വളർച്ചയ്ക്കു നിദാനം. ഇവയൊന്നുമില്ലെങ്കിൽ അവരുടെ പുരോഗതിയും പൂജ്യം തന്നെ.

കത്തോലിക്കാ കോൺഗ്രസ്സിനു് ഈവക രംഗങ്ങളിലൊന്നും പ്രവർത്തിക്കുവാൻ പററുന്നില്ല. അവയൊക്കെ നടത്തുവാനും നടത്തിക്കുവാനും പള്ളിയും വൈദികരുമുണ്ട്. ഏതെങ്കിലും രംഗത്തു പ്രവർത്തിച്ചു വിജയിക്കണമെങ്കിൽ വൈദികരുടെ സഹകരണം കൂടിയേ തീരൂ. ഞാൻ ചിലപ്പോൾ തമാശായി പറയാറുണ്ട്, ആയിരം അൽമേനിക്ക് അര പാതിരിയെന്നു്. അൽമേനികളെ സംഘടിപ്പിക്കുവാൻ വൈദികർക്കേ സാധിക്കു. അതാണ് നമ്മുടെ സമുദായത്തിൻെറ പ്രത്യേക ഘടന.

രാഷ്ട്രീയം നല്ലതാണ്. പക്ഷെ കത്തോലിക്കാകോൺഗ്രസ് ഏതു രാഷ്ട്രീയം സ്വീകരിക്കും? സ്വീകരിക്കണം?

ഇവിടെയുള്ള റീത്തുവ്യത്യാസവും വിഭാഗീയ ചിന്താഗതിയും നമ്മുടെ സംഘടനാപുരോഗതിയുടെ ശവക്കുഴിതന്നെ തോണ്ടുന്നു. ലത്തീൻകാരും സുറിയാനിക്കാരും തമ്മിലുള്ള ഈ ഉൾപ്പോരുകൊണ്ട് എന്തു സംഭവിക്കുന്നു? ലത്തീൻകാരനോ സുറിയാനിക്കാരനോ അർഹതയുള്ള മണ്ഡലങ്ങളിൽ നിന്നു വിജയിക്കുന്നതു് മററാരെങ്കിലുമായിരിക്കും.

അനുഭവങ്ങളുടെ വെളിച്ചത്തിൽ ഇതൊക്കെ പറയുന്നു എന്നുമാത്രം. കത്തോലിക്കരുടെ വോട്ടിൽ 85 ശതമാനവും വൈദികരുടെ താല്പര്യമനുസരിച്ച് ആർക്കു വേണമെങ്കിലും ലഭിക്കും. കാരണം, കത്തോലിക്കരെ കൂട്ടിയോജിപ്പിക്കുന്ന ഘടകം പള്ളിയാണ് വൈദികരുടെ സ്വാധീനമില്ലാത്തവയൊക്കെ ഒരു പരിധിവരെയേ വളരുകയുള്ളു; വളർത്തുകയുള്ളു.

കത്തോലിക്കാ കോൺഗ്രസിനു പ്രവർത്തിക്കുവാൻ രംഗമേതു്? ദരിദ്രരേയുംമററും സഹായിക്കുവാൻ സെൻററ് വിൻസെൻററ് ഡിപോൾ സഖ്യം ഊർജ്ജിതമായി പ്രവർത്തിക്കുന്നുണ്ട്. എല്ലാ ഇടവകകളിലും വായനശാലകളും ക്ലബുകളും ഏതെങ്കിലുംസംഘടനക്കാരുടെ വകയായുണ്ട്.

കത്തോലിക്കാ കോൺഗ്രസ്സിൻെറ ശാഖകൾ പ്രവർത്തിക്കുന്ന ഇടവകകൾതന്നെ വളരെ വിരളം. ചില രൂപതകളിലാണെങ്കിൽ പറയാനുമില്ല. ലത്തീൻ രൂപതകളിലാണ് ഈ മന്ദീഭാവം എന്നുള്ളതാണ് പരമാർത്ഥം. ഈ സംഘടന തീരെ നശിക്കുകയോ നശിപ്പിക്കുകയോ ഇല്ല. എന്നാൽ, അതിൻെറ വളർച്ചയ്ക്കു ഒരു പരിധിയും നിർണ്ണയിച്ചിട്ടുണ്ട് വൈദികർ ഈ സംഘടനയുടെ വളർച്ചയ്ക്കു ആത്മാർത്ഥമായി എന്നു് ആഗ്രഹിക്കുന്നുവോ അന്നുമാത്രമേ പുരോഗമിക്കുവാനും പോകുന്നുള്ളു.

# സംഘടനാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം

(ഇ. എം. ജോസഫ് ജനറൽ സിക്രട്ടറി)

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിൻെറ സംഘടനാപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും, ഭേദപ്പെട്ട ഒരു ഫണ്ട് രൂപീകരിക്കുന്നതിനും വേണ്ടി കോൺഗ്രസ്സ്പ്രവർത്തകരും അനുഭാവികളും ഇപ്പോൾ ഏകയോഗമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ പരിശ്രമങ്ങളുടെ ഫലം 1967 ജനവരിയിൽ നടക്കുന്ന തിരഞ്ഞെടുപ്പുകളിൽ നമുക്കു പ്രതിഫലിച്ചു കാണുവാൻ കഴിയും.


തികച്ചും ജനാധിപത്യ അടിസ്ഥാനത്തിലാണ് കത്തോലിക്കാകോൺഗ്രസ്സ് സംഘടനയുടെ ഭരണഘടന. ഓരോ ഇടവകയും കോൺഗ്രസ്സിൻെറ അടിസ്ഥാനയൂണിററാകുന്നു. ഇടവകകളിലെ പ്രായപൂർത്തിയായ സ്ത്രീപുരുഷന്മാർക്ക് കോൺഗ്രസ്സിൽ അംഗത്വത്തിനു് അർഹതയുണ്ട്. എല്ലാവരും 50 പൈസ വരിസംഖ്യകൊടുത്തു് ഇടവകയൂണിററിൽ അംഗത്വം സമ്പാദിക്കുകയേ വേണ്ടു. ഒരു കൊല്ലത്തേയ്ക്കാണ് അങ്ങനെ അംഗത്വം സമ്പാദിക്കുന്നതു്. കുറഞ്ഞതു് 25 അംഗങ്ങൾ ഒരു യൂണിററിൽ ഉണ്ടായിരിക്കണം.

www.malankaralibrary.com

# വേണ്ടിവന്നാൽ ഭരണഘടന പൊളിച്ചെഴുതണം

**— ജോസഫ് ചാഴികാടൻ**

അലകം പിടിയും വേർപെട്ടിരുന്നാൽ അലകുകൊണ്ടു നമുക്കു കിട്ടാവുന്ന പ്രയോജനവും പിടികൊ



ണ്ടു കിട്ടാവുന്ന പ്രയോജനവും മുഴുവനായി ലഭിക്കുകയില്ല. അലകും പിടിയും എന്നു പറഞ്ഞാൽ എന്താണെന്നു് ഇന്നത്തെ ആളുകൾക്കു മനസ്സിലാകുമെന്നു തോന്നുന്നില്ല. പഴയ പിച്ചാത്തിയെ ഉദ്ദേശിച്ചാണു് അലകും പിടിയും എന്നു പറയുന്നതു്. അഖിലകേരളകത്തോലിക്കാകോൺഗ്രസ്സാകുന്ന ഈ പിച്ചാത്തിയുടെ പിടി വൈദികരും അലകു് അൽമായരുമാണു്.

അലകുംപിടിയുംകൂടി യോജിച്ചു പ്രവർത്തനം നടക്കാത്ത ഒരു അവസ്ഥാവിശേഷം ഇന്നു കത്തോലിക്കാ കോൺഗ്രസ്സിനുണ്ടു്. വൈദികരും അൽമായരും ചേർന്നതാണു് കത്തോലിക്കാസഭ. കത്തോലിക്കാ കോൺഗ്രസ്സ് അഭിവൃദ്ധിപ്പെടുന്നതിനും അതുവഴി സാമുദായിക സാമൂഹിക അഭിവൃദ്ധി കൈവരുത്തുന്നതിനും അവൈദികർ തുടങ്ങുന്ന പ്രവൃത്തികൾക്കു് ഇന്നിവിടെ വൈദികർ വേണ്ട പ്രോത്സാഹനം നൽകുന്നില്ല.

കത്തോലിക്കാസമുദായത്തിലെ അൽമായർ ഇന്നത്തെ ജനായത്തഭരണ വ്യവസ്ഥിതിയിൽ വളരെ ശ്രദ്ധാലുക്കളായി രാഷ്ട്രീയംകൂടിനോക്കി മുന്നോട്ടു പോകുന്നില്ലെങ്കിൽ നാം ക്രമേണ മററു സമുദായങ്ങളുടെ പിന്നിലായിപ്പോകും.

നാം ജനിച്ചു് ഒരാഴ്ചയാകുമ്പോൾമുതൽ വൈദികരുടെ ഇടപെടലുണ്ടാകുന്നു. മരിച്ചാലും ആ ബന്ധം തീരുന്നില്ല. അനേക കൊല്ലക്കാലത്തേയ്ക്കു് പള്ളിയുടെയും പട്ടക്കാരുടെയും പിടിയിലും ബന്ധത്തിലുംതന്നെയാണു്. നാം. അതിനാൽ കത്തോലിക്കാസമുദായം കേരളത്തിൽ പുരോഗമിക്കണമെങ്കിൽ വൈദികരും അൽമായരും കൂടുതൽ സഹകരിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. കുററം എവിടെയാണെന്നു ചോദിച്ചാൽ ജോമട്രിക്കലായി സ്ഥിരീകരിക്കുവാൻ അത്ര എളുപ്പവുമല്ല.

ഇന്നത്തെ വിദ്യാഭ്യാസം, രാഷ്ട്രീയം, സാമുദായികം, സാമ്പത്തികം, മുതലായ കാര്യങ്ങളിൽ ഈ അലകും പിടിയുമായി വളരെ അകൽച്ചയുണ്ടു്. ഇതുവരെയും നേതൃത്വം വൈദികഹസ്തങ്ങളിലായിരുന്നു. ഇടവകയിലെ ഏററവും വലിയ പണ്ഡിതൻ അവിടത്തെ വികാരിയായിരുന്നു.

എന്നാൽ ഇന്നു് ആ സ്ഥിതിയൊക്കെ മാറിയിരിക്കുകയാണു്. എന്നാലും ആ യാഥാർത്ഥ്യം അംഗീകരിച്ചുകൊടുക്കുവാൻ പലർക്കും വൈമനസ്യമുണ്ടു്. അഭ്യസ്തവിദ്യരായ പല ചെറുപ്പക്കാരും കടമ തീർക്കുവാൻ മാത്രമാണു് ഞായറാഴ്ച പള്ളിയിൽ പോകുന്നതു്.

പ്രസംഗസമയത്തുംമററും അവർ കുരിശിൻതൊട്ടിയിലോ പള്ളിപ്പരിസരങ്ങളിലെവിടെയെങ്കിലുമോ കൂടിനിന്നു് വർത്തമാനമായിരിക്കും. ,,എന്താ പള്ളിയിൽ പോകുന്നില്ലേ,, എന്നു ചോദിച്ചാൽ കിട്ടുന്ന മറുപടിയോ? അതാണതിലും രസം. ,,ആ പ്രസംഗം ഒന്നു കഴിഞ്ഞോട്ടെ.,, ഇതിന്റെയൊക്കെ അർത്ഥം എന്താണു്? അവർക്കുതന്നെ അതിലപ്പുറവുമറിയാം. പിന്നെ എന്തിനു് അച്ചന്റെ പ്രസംഗം കേൾക്കുന്നു എന്നതാണു്.

ഒരു കാര്യം പരമാർത്ഥമാണു്. വളരുന്ന തലമുറയ്ക്കു നിരക്കാത്തരീതിയിലും ആധുനികചിന്താഗതിയെ പാടേ അവഗണിക്കുന്ന വിധത്തിലും വൈദികനേതൃത്വം മുന്നേറിയാൽ നേതൃത്വം അംഗീകരിച്ചുകൊടുക്കുവാൻ അൽമേനികളും അസന്നദ്ധത പ്രകടിപ്പിക്കും.

പല ഇടവകകളിലും പല കാര്യങ്ങളിലും ഇരുകൂട്ടരും നേരാംവണ്ണം സഹകരിക്കാതെ നീങ്ങുന്നുണ്ടു്. ഈ വിവരം തിരുസിംഹാസനം നല്ലതുപോലെ ഗ്രഹിച്ചിട്ടുമുണ്ടു്.

നമ്മുടെ സംഘടനയുടെ നിയമാവലിയിൽ വേണമെങ്കിൽ വേണ്ട ഭേദഗതികൾ വരുത്തി ഭരണസമിതിയിൽ ഏതാനും വൈദികരെക്കൂടി ഉൾപ്പെടുത്തണം. കത്തോലിക്കാ കോൺഗ്രസിന്റെ പ്രസിഡണ്ടോ, വൈസ് പ്രസിഡണ്ടോ സെക്രട്ടറിയോ ആയി ഒരു വൈദികനേയും, നിർവ്വാഹകസമിതിയിലേയ്ക്കു് ഏതാനും വൈദികരേയും ഉൾപ്പെടുത്തണം. അങ്ങനെ ചെയ്യുന്നതിനു് വൈദിക മേലദ്ധ്യക്ഷന്മാരുടെ നിർദ്ദേശവും സഹകരണവും അത്യാവശ്യമാണു്.

—0—

എന്നാൽ അംഗത്വ അപേക്ഷയോടുകൂടി 11 രൂപാ അടച്ചാൽ ആർക്കും ആയുഷ്കാല അംഗമായിരിക്കാം. പിന്നീടു് അംഗത്വം പുതുക്കുകയേ വേണ്ട.

1966ഡിസംബറിൽ 1967—ാം ആണ്ടിലേയ്ക്കുള്ള അംഗങ്ങളെയാണു ചേർക്കുന്നതു്. അങ്ങനെ ചേരുന്ന അംഗങ്ങളും, മുൻപു് ആയുഷ്കാലാംഗമായിട്ടുള്ളവരും 1967 ജനുവരിമാസം 31—ാംതീയതിക്കകം യോഗംചേർന്നു് തങ്ങളുടെ ശാഖയുടെ പ്രസിഡണ്ടു്, മുതലായ ഭാരവാഹികളേയും, കോൺഗ്രസ്സിന്റെ പൊതുയോഗമായ പ്രതിനിധിസഭയിലേയ്ക്കുള്ള അംഗങ്ങളേയും തിരഞ്ഞെടുക്കുന്നു.

കേരളകത്തോലിക്കരുടെ ഏക പൊതുസംഘടനയായ ഈ കോൺഗ്രസ്സിന്റെ അണികളെ ബലപ്പെടുത്തേണ്ടതിനെപ്പററി എത്ര ഊന്നിപ്പറഞ്ഞാലും സമൂഹം ഇന്നും സാമൂഹ്യമായി സുഖസുഷുപ്തിയിലാണ്ടുകിടക്കുകയാണു്. നമ്മുടെ ചുററും ആർത്തിരമ്പുന്ന രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക കൊടുങ്കാററുകളിൽ ഞാങ്ങണപോലെ ആടിഉലയാതെയിരിക്കുകയും, ക്രിസ്തീയസമൂഹമെന്നനിലയിൽ ക്രൈസ്തവചൈതന്യനിർഭരമായ ജീവിതം നയിക്കുകയും, നമ്മുടെ കടമകളെ നിറവേററുകയും, അവകാശങ്ങളെ അഭംഗുരം പാലിക്കുകയും ചെയ്യുവാൻ നമ്മുടെ കോൺഗ്രസ്സിന്റെ ശക്തി നമ്മെ വരുംകാലങ്ങളിൽ സഹായിക്കും.

2—ാംവത്തിക്കാൻ സൂനഹദോസ് ക്രിസ്തീയ അൽമായ സംഘടനകളുടെ അനപേക്ഷണീയമായ ആവശ്യം ഊന്നിപ്പറഞ്ഞിട്ടുണ്ടു്. ഏതേതു മണ്ഡലങ്ങളിൽ പഠിപ്പും പരിചയവും ഉള്ളവർ അതാതു മണ്ഡലങ്ങളിൽ നേതൃത്വവും, മാർഗ്ഗദർശനവും നൽകണമെന്നു് സൂനഹദോസ് ഊന്നിപ്പറഞ്ഞിട്ടുണ്ടു്. സാമൂഹ്യബന്ധങ്ങളിലും, കർത്തവ്യ നിർവ്വഹണവിഷയത്തിലും, അവകാശസംരക്ഷണരംഗത്തും, ആധികാരികമായി സംസാരിക്കുവാൻ ഈ സംഘടനയ്ക്കേ കഴിയുകയുള്ളു.


### വാർഷികഫീസ്

സാധാരണ അംഗങ്ങളുടെ 50 പൈസപ്രകാരമുള്ള വരിസംഖ്യ മുഴുവൻ ശാഖകൾക്കുള്ളതാകുന്നു. 100 കുടുംബങ്ങളിൽക്കവിയാത്ത ഇടവകകളിലെ ശാഖകൾ കേന്ദ്ര ഓഫീസിലേയ്ക്കു് 3 രൂപയും, രൂപതാസംഘത്തിലേയ്ക്കു് 1 രൂപയും, 500 കുടുംബങ്ങളിൽ കവിയാത്ത ഇടവകകളിലെ ശാഖകൾ 5 രൂപയും, 2 രൂപയും വീതവും, 500 കുടുംബങ്ങളിൽ കൂടുതലുള്ള ഇടവകയിലെ ശാഖകൾ 10രൂപയും, 3 രൂപയും വീതവും നൽകിയാൽ മതി.

# ദീപികയും ക. കോൺഗ്രസ്സും ഒത്തൊരുമിച്ചാൽ

**— ഫാ. ജോസഫ് വടക്കൻ —**

സംഘടനയുടെ ഭരണഘടന സംബന്ധിച്ചുതന്നെ ഞാൻ അഭിപ്രായവ്യത്യാസക്കാരനാണു്. ഈ അടുത്തകാലത്തെങ്ങും അവയെപ്പററി എനിക്കൊരറിവുംഇല്ല. സംഘടനാപ്രവർത്തനം കാര്യമായിട്ടൊന്നും ഇല്ലെങ്കിൽതന്നെ നിയമാവലിയെങ്കിലും പള്ളി വികാരിമാർക്കൊക്കെ അയച്ചുകൊടുക്കേണ്ടതല്ലേ? ഇതിന്റെ നിയമാവലിയെ സംബന്ധിച്ചുപോലും മൂന്നുനാലു കൊല്ലമായിട്ടു് എനിക്കു ഒരറിവുമില്ല. ഇനി ഞാൻ അറി



ഞ്ഞിട്ടുള്ളിടത്തോളം വിവരങ്ങൾ വച്ചു പറയുകയാണെങ്കിൽ ആ ഭരണഘടനതന്നെ ഒന്നു മാററണമെന്നാണു് എന്റെ അഭിപ്രായം.

കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനമണ്ഡലം വ്യാപകമായിത്തീരണം. ഈ സംഘടന കത്തോലിക്കർക്കു വേണ്ടി മാത്രമേ പ്രവർത്തിക്കൂ എന്ന ചിന്താഗതി പാടേ മാററണം. കൊന്തയും വെന്തീങ്ങയും ഇടുന്നവരുടെ അവകാശങ്ങൾക്കുവേണ്ടിമാത്രം നിലകൊള്ളുന്ന ആ പഴയ പാരമ്പര്യവും ചിന്താഗതിയും പാടേ വിപാടനം ചെയ്യണം. അധികാരത്തിന്റെയും സ്വാധീനത്തിന്റെയും കാലം കഴിഞ്ഞു പോയി. ക്രിസ്തീയചൈതന്യം തുളുമ്പുന്ന പ്രവർത്തനമാണിന്നാവശ്യം.

കാലഘട്ടത്തിന്റെ ഒരു ഹീറോ ആയിരുന്നു തര്യതു കുഞ്ഞിത്തൊമ്മൻ. അന്നദ്ദേഹം പറഞ്ഞതിനൊക്കെ വിലയുണ്ടായിരുന്നു. ഇന്നാണെങ്കിലോ? ഇന്നു് അത്തരം പ്രവർത്തനങ്ങളും പ്രവർത്തകരും കൂക്കുവിളിക്കപ്പെടും. അതാണു് അന്നും ഇന്നും തമ്മിലുള്ള അന്തരം. വിശാല വീക്ഷണവും സാഹോദര്യ ചിന്താഗതിയുമാണു് നമ്മുടെ സഭയുടെ ലക്ഷ്യവും കൗൺസിലിന്റെ സന്ദേശവും. നാമെല്ലാം ദൈവത്തിന്റെ സന്തതികളാണു്. ആ മനോഭാവമായിരിക്കണം നമ്മുടെ ഓരോ പ്രവർത്തനത്തിലും നിഴലിച്ചു കാണേണ്ടതു്.

ഒരു വർഗ്ഗീയസംഘടനയായി കത്തോലിക്കാ കോൺഗ്രസ് അധഃപതിക്കരുതു്. വർഗ്ഗീയസംഘടന നല്ലതാണു്. ഗാന്ധിജി ഹരിജൻ സംഘടനയുണ്ടാക്കിയില്ലേ? അതിലെ അംഗങ്ങൾ ഹരിജനങ്ങളായിരുന്നല്ലൊ.

അതുപോലെ ഒരു പ്രത്യേകവിഭാഗത്തിലെ ആൾക്കാർ സംഘടിച്ചു പ്രവർത്തിക്കാം. എന്നാൽ അതു് വർഗ്ഗീയമാകണമെന്നില്ല. പക്ഷെ, ഒരു കാര്യം. മററു സമുദായങ്ങളുടെ അവകാശങ്ങളെ ധ്വംസിക്കരുതു്. മുസ്ലീംലീഗ്, എസ് എൻ. ഡി. പി., ജനസംഘം തുടങ്ങിയവയൊക്കെ വർഗ്ഗീയസംഘടനകളാണെന്നു പറയുന്നതു് അറിവില്ലാഞ്ഞിട്ടാണു്. വർഗ്ഗത്തിനും പ്രദേശത്തിനും സംഘടിക്കാം. കവികൾക്കും കലാകാരന്മാർക്കും ഒക്കെ. സാഹിത്യകാരന്മാർക്കു സംഘടനയില്ലേ? ബീഡിത്തൊഴിലാളികൾക്കു സംഘടനയില്ലേ? ആർക്കാണു സംഘടനയില്ലാത്തതു്? പക്ഷെ മററുള്ളവരുടെ അവകാശങ്ങളെ ധ്വംസിക്കരുതു്. ധ്വംസാത്മകക്രിയ നടക്കുമ്പോഴേ വർഗ്ഗീയമാകയുള്ളു. ഒരു പ്രത്യേക വിഭാഗത്തിന്റെ അവകാശങ്ങൾക്കു വേണ്ടിമാത്രം നിലകൊള്ളാതെ എല്ലാവർക്കുംവേണ്ടി പ്രവർത്തിക്കണം. അപ്പോൾ കർഷകനും പള്ളിയുമെല്ലാം സുരക്ഷിതം.

വീക്ഷണഗതിയിൽ ചില വ്യതിയാനങ്ങൾ വരുത്തണം. ഈ വ്യതിയാനങ്ങൾ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക മണ്ഡലങ്ങളിലെല്ലാം ഒരു വിപ്ലവം സൃഷ്ടിക്കത്തക്കതായിരിക്കണം. ഇന്നാട്ടിലെ പട്ടിണിക്കെതിരായി — വർദ്ധിച്ച തൊഴിലില്ലായ്മക്കെതിരായി — അനീതിക്കെതിരായി ശബ്ദിക്കണം. രൂക്ഷമായ ഭക്ഷ്യപ്രശ്നത്തിനെതിരായി ശബ്ദിക്കുമ്പോൾ — കത്തോലിക്കനുമാത്രം അരിവില കുറച്ചാൽ മതിയെന്നു പറയുന്നതു് യുക്തമാണോ? വിശന്നുപൊരിയുന്ന എല്ലാ ഉദരങ്ങൾക്കുംവേണ്ടി . അപ്പോൾ വർഗ്ഗീയമാകുമോ?

സാംസ്കാരികരംഗത്തു പ്രവർത്തിക്കുന്ന എല്ലാവർക്കും വേണ്ടിയായിരിക്കണം സംഘടന. കത്തോലിക്കാ സാഹിത്യകാരന്മാർക്കുവേണ്ടി മാത്രം കത്തോലിക്ക് കോൺഗ്രസ് പ്രവർത്തിക്കുന്നതും നീതീകരിക്കത്തക്കതല്ല. കലാസാഹിത്യരംഗത്തുപ്രവർത്തിക്കുന്ന എല്ലാവർക്കുംവേണ്ടി പ്രവർത്തിക്കണം. നായരോ നമ്പൂതിരിയോ, ഈഴവനോ, പുലയനോ, മുഹമ്മദീയനോ ആയിരുന്നാൽതന്നെയെന്തു്? അഭിരുചിയും അർഹതയുമുള്ളവരെ പ്രോത്സാഹിപ്പിക്കണം. അഭിനന്ദനങ്ങളും സമ്മാനങ്ങളും നൽകി, ജാതിചിന്ത കൂടാതെ അവന്റെ കഴിവുകളെ വികസിപ്പിച്ചു് വളർത്തിയെടുക്കണം.

പ്രവർത്തകർ കത്തോലിക്കർതന്നെയാകട്ടെ. പക്ഷെ, നമ്മുടെ പ്രവർത്തനങ്ങളുടെ നല്ലഫലം അനുഭവിക്കുന്നതിനു് മററുള്ളവരെയും കൂട്ടണം. അതായതു് പ്രവർത്തനമണ്ഡലം വിസ്തൃതവും ചിന്താഗതി വിശാലവും.

വളരെയധികം സ്വാധീനശക്തിയുള്ള ഒരു ദിനപത്രമത്രെ ദീപിക. എന്തെന്തു നല്ലകാര്യങ്ങൾ ഇതിലൂടെ സാധിക്കാം. ദീപികയും കത്തോലിക്കാ കോൺഗ്രസും കൂടി പ്രവർത്തിച്ചാൽ ഇന്നു് അസാധ്യമായിട്ടുള്ളതെന്താണു് ആ പ്രവർത്തനങ്ങളെ ആരാണു് അഭിനന്ദിക്കാത്തതു്?

# തെററ് രണ്ടു കക്ഷികളിലുമുണ്ടു്

**— പി. ററി. ചാക്കോ എം. എ. —**

ഒരു സമുദായസംഘടന കെട്ടിപ്പടുക്കുന്നതിനുമാത്രം അൽമേനികൾ വളർന്നിട്ടില്ല. ചെറുപ്പക്കാരായ പ്രവർത്തകർ അധികമില്ലാതെ നമ്മുടെ ഷെവലിയന്മാർക്കു മാത്രം ഒട്ടിപ്പിടിച്ചുനിൽക്കുന്ന



തിനുള്ള ഒന്നായിട്ടാണു് കത്തോലിക്കാ കോൺഗ്രസ്സ് പരിഗണിച്ചിരിക്കുന്നതു്. അൽമായരുടെ പരിപൂർണ്ണ ഉത്തരവാദിത്വത്തിൽ നടത്തേണ്ടതാണീ സംഘടന.

അതിനു പ്രാപ്തിയുള്ളവരില്ല. ഭക്തന്മാരെക്കൊണ്ടു നിറഞ്ഞിരിക്കുന്ന നമ്മുടെ സമുദായത്തിൽ കഴിവുള്ളവർ ഉണ്ടെങ്കിൽ അവർക്കു സംഘടനാപ്രവർത്തനങ്ങൾക്കു് സമയവുമില്ല. ഭക്തന്മാർക്കാണെങ്കിൽ ഭയം നീങ്ങിയിട്ടു് ഒരു സമയവുമില്ല.

നേതൃസമ്മേളനത്തിനു കൂടുന്ന പലരുടെയും കാര്യം അറിയാം. അവർക്കു ധൈര്യമായി ഒരഭിപ്രായം പറയാൻതന്നെ ഭയമാണു്. ആരെങ്കിലും പുരോഗമനപരമായ അഭിപ്രായങ്ങൾ പറഞ്ഞാൽ സ്വീകരിക്കാനും വിഷമം. അധികാരികളുടെ അധികാരത്തിനു വല്ലാത്ത കോട്ടം തട്ടുമെന്നാണു് അവരുടെ ഭയം. മുമ്പു് അധികാരികളും അൽമേനികളുമായി ഇതിലും കൂടുതൽ അടുപ്പം ഉണ്ടായിരുന്നു.

എന്നാൽ ഇന്നത്തെ തലമുറ അത്തരത്തിലുള്ളതല്ല. സാമൂഹ്യ രാഷ്ട്രീയതലങ്ങളിലെ ഏതനീതിയേയും ചോദ്യംചെയ്യാൻ തയാറുള്ളവരാണു് അവർ. അതിനാൽ അധികാരികളും അൽമേനികളും തമ്മിൽ ഒത്തുപോകുക അല്പം പ്രയാസമാണു്.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ദൗത്യം നടപ്പിൽ വരുന്നതുവരെ — അൽമായ യുഗം ഉദയം ചെയ്യുന്നതുവരെ ;ഈ സംഘടനയ്ക്കു ഭാവി ഇല്ലെന്നാണു് എന്റെ വിശ്വാസം. തെററു് രണ്ടു കക്ഷികളിലും കാണും. കേരളത്തെപ്പററി പൊതുവേ പറഞ്ഞാൽ നൂററാണ്ടുകളായി അനുസരിച്ചിരുന്നതുകൊണ്ടു് ചോദ്യം ചെയ്യപ്പെടാതെ അനുസരിക്കണമെന്നാണു വയ്പ്പ്.

കെട്ടുറപ്പുള്ള ഒരു മതസംഘടനയ്ക്കു സമാന്തരമായി മറെറാരു സാമൂഹ്യസംഘടന വളരുക പ്രയാസം. വളർത്തിയാൽതന്നെ വൈദികരുടെയും അൽമായരുടെയും പ്രവർത്തനമണ്ഡലങ്ങൾ വേർതിരിച്ചു് ഒരു മേഖല സൃഷ്ടിക്കുവാൻ സാദ്ധ്യവുമല്ല. ഓരോ കൂട്ടരുടെയും പ്രവർത്തനപരിധികൾ വേർതിരിച്ചു് അവ എവിടെ ആരംഭിക്കണം, എവിടെ അവസാനിപ്പിക്കണം എന്നു തിട്ടപ്പെടുത്തുക അത്ര എളുപ്പവുമല്ല.

## നേതാക്കളെ പരിചയപ്പെടുക

ഈ നൂററാണ്ടിൽ കേരള കത്തോലിക്കാസമുദായത്തിനു സ്തുത്യർഹസേവനം ചെയ്യുകയും കത്തോലിക്കാകോൺഗ്രസ്സ് പ്രവർത്തനത്തിനു് ഉദാരമായ പിന്തുണ നൽകുകയും ചെയ്തിട്ടുള്ള അനവധി നേതാക്കൾ നമുക്കുണ്ടു്. അവരെ സ്മരിക്കുകയും ആ സ്മരണയിൽനിന്നു് ഇന്നത്തെ തലമുറ പുതുവീര്യം ഉൾക്കൊള്ളുകയും വേണം. അത്തരം നേതാക്കളെപ്പററിയുള്ള ലേഖനങ്ങൾ ബ്ലോക്കുസഹിതം അയച്ചാൽ ഈ ബുള്ളററിനിൽ പ്രസിദ്ധീകരിക്കുന്നതാണു്.


—എഡിററർ.

www.malankaralibrary.com

# നേതൃസ്ഥാനത്തു വരുന്നവർ സദാസമയവും പ്രവർത്തിക്കണം

— വർഗീസ് മേളാംപറമ്പിൽ —

പൊതുപ്രശ്നങ്ങൾ ഏതു രൂപതാതിർത്തിയിലുണ്ടായാലും കത്തോലിക്കാകോൺഗ്രസ് ഏറെറടുത്തു് കൈകാര്യം ചെയ്യണം. ഷിമോഗാപ്രശ്നത്തിൽ കത്തോലിക്കാകോൺഗ്രസ് തീർച്ചയായും ഇടപെടേണ്ടതായിരുന്നു. പക്ഷെ, ആരും അനങ്ങിയില്ല. ഇതുപോലുള്ള പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ രൂ



പതാവ്യത്യാസങ്ങൾ ചിന്തിക്കാതെ വൈദികമേലദ്ധ്യക്ഷന്മാർ വേണ്ട സാമ്പത്തികസഹായംനൽകി സംഘടനയെക്കൊണ്ടു് പ്രവർത്തിപ്പിക്കണം. അങ്ങനെ ചെയ്താൽ ജനങ്ങൾക്കു് സംഘടനാബോധം ഉണ്ടാകും. കത്തോലിക്കാ കോൺഗ്രസ്സ് ശക്തിപ്പെടും. അപ്പോൾ വൈദികരുടെയും വൈദികമേലദ്ധ്യക്ഷന്മാരുടെയും ഈദൃശ കാര്യങ്ങളിലുള്ള ജോലികൾ എത്രയോ ലഘൂകരിക്കപ്പെടുകയും ചെയ്യും.

അങ്ങനെ പ്രവർത്തിക്കണമെങ്കിൽ നേതൃസ്ഥാനത്തു വരുന്നവർ സംഘടനയ്ക്കുവേണ്ടി സദാസമയവും പ്രവർത്തിക്കുവാൻ സൗകര്യവും സന്മനസ്സും ഉള്ളവരായിരിക്കണം. കമ്മററി കൂടുമ്പോൾ പ്രമേയങ്ങൾ പാസ്സാക്കുന്നതുകൊണ്ടും, വല്ലപ്പോഴും നിവേദനങ്ങൾ നടത്തുന്നതുകൊണ്ടും മാത്രം സംഘടന ശക്തിപ്പെടുവാൻ പോകുന്നില്ല. പ്രായോഗിക ജീവിതത്തിലൂടെ പ്രശ്നങ്ങൾ പഠിച്ചു് സമുദായസേവനം നടത്തിയിട്ടുള്ളവർക്കു മാത്രമേ നേതൃസ്ഥാനത്തു വന്നാലും പൊതുജന സമ്മതി ആർജ്ജിക്കുവാൻ സാധിക്കൂ. ഔദ്യോഗികസ്ഥാനലബ്ധിക്കു വേണ്ടി മാത്രം അംഗത്വം സ്വീകരിച്ചു് നേതൃസ്ഥാനത്തു വരുന്നവർ പ്രശ്നങ്ങൾ പഠിച്ചു തുടങ്ങുമ്പോഴേയ്ക്കും ഉദ്യോഗകാലാവധി തീരും.

ഇതര സമുദായനേതാക്കന്മാർ അവരുടെ രാഷ്ട്രീയ ഭാവിക്കുവേണ്ടി സമുദായസംഘടനയെ ആശ്രയിക്കുന്നു. രാഷ്ട്രീയക്കാരായ കത്തോലിക്കാനേതാക്കളോ? അവർ സമുദായ സംഘടനയിൽനിന്നകന്നു് സ്വാർത്ഥ താല്പര്യത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുന്നു. എന്നാൽ ചില അവസരങ്ങളിൽ കത്തോലിക്കാ ഭൂരിപക്ഷമുള്ള നിയോജകമണ്ഡലങ്ങളിലെ ജനപ്രതിനിധികളാകാൻഅവർ വെമ്പൽ കൊള്ളുന്നു.

സമുദായത്തോടു കൂറില്ലാത്തവരെ സ്വാഗതംചെയ്യുവാൻ സമുദായവും തയാറല്ലെന്നു കാണിച്ചുകൊടുക്കണം. സമുദായത്തോടു കൂറുണ്ടെന്നു പരസ്യമായി പറയുകയും അതിനനുസരണമായി പ്രവർത്തിക്കുകയും ചെയ്യുന്നവരെ സ്വാഗതം ചെയ്തു് പ്രോത്സാഹിപ്പിക്കുന്നതു് അഭിലഷണീയമാണു്.

സാമ്പത്തിക പരാധീനതകൊണ്ടു് എത്തേണ്ടിടത്തു എത്തിച്ചേരാതെ എത്രയായിരം സമർത്ഥരായ വിദ്യാർത്ഥികളുണ്ടു്. അതിസമർത്ഥരായ വിദ്യാർത്ഥികൾക്കെങ്കിലും മെറിററുസ്കോളർഷിപ്പുകൾ നൽകി പ്രോത്സാഹിപ്പിച്ചാൽ ഏതാനും വർഷങ്ങൾകൊണ്ടുതന്നെ രാഷ്ട്രം, വ്യവസായം, തൊഴിൽ എന്നീ മണ്ഡലങ്ങളിലെല്ലാം സമർത്ഥരായ ആൾക്കാർ ഉണ്ടാകും. സമുദായത്തോടും സംഘടനയോടും കടപ്പാടുള്ളവർനമ്മുടെഅഭിമാനസമ്പത്തായിരിക്കും.

നമ്മുടെ സ്കൂളുകളിലും കോളേജുകളിലുമുള്ള അനേകായിരം അദ്ധ്യാപകർ വിചാരിച്ചാൽ സാമുദായിക പ്രവർത്തനങ്ങൾക്കു യാതൊരു പ്രയാസവുമില്ല. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, അവരിൽ ഒരു നല്ലവിഭാഗം നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ നീതിരഹിതമായ പ്രവർത്തനങ്ങൾ, നിയമനങ്ങൾ, അനർഹമായ പ്രൊമോഷൻ തുടങ്ങിയവകൊണ്ടു് നിരാശരായി വൈദികവിരുദ്ധരായി ത്തീർന്നിരിക്കുകയാണു്.

ചെറുപ്പത്തിൽ ലഭിച്ച ഉറച്ചകത്തോലിക്കാവിശ്വാസം കൊണ്ടുമാത്രം വിപ്ലവകാരികളാകാതെ, അവജ്ഞയോടുകൂടി നീങ്ങുന്നവെന്നുമാത്രം. ഈ സ്ഥിതിവിശേഷം തുടരുവാൻ അനുവദിച്ചാൽ സമുദായം ഒരു വലിയ ആപത്തിൻെറ വക്കിലേക്കായിരിക്കും നീങ്ങുന്നതു്. ഭാവിതലമുറയെ കെട്ടിപ്പടുക്കേണ്ടവർ സമുദായത്തോടു കൂറില്ലാത്തവരായിത്തീരുന്ന സാഹചര്യങ്ങൾ എത്രയും വേഗം തുടച്ചു മാററണം.

—0—

# ഇന്നത്തെ നേതൃത്വ രീതിയിൽ മാററം വരുത്തണം

— ആനി തയ്യിൽ —

കേരളംപോലുള്ള ഒരു സ്ഥലത്തു് കത്തോലിക്കാ കോൺഗ്രസ്സുപോലുള്ള ഒരു സംഘടനയ്ക്കു് ഇന്നത്തെ ചുററുപാടിൽ യാതൊന്നും ചെയ്യാനൊക്കുകയില്ല. കാരണം, നേതാക്കന്മാരുടെ ഇഷ്ടാനിഷ്ടങ്ങൾക്കുമാത്രം ഒത്തുനിൽക്കുന്ന ഒരു സംഘടനയാണിതു്.

എൻ. എസ്. എസ്. പോലെയോ, എസ്. എൻ. ഡി. പി. പോലെയോ നമ്മുടേതു് പ്രധാനമായും, ഒരു സമുദായ സംഘടന മാത്രമല്ല, മതസംഘടനകൂടിയാണു്. എൻ. എസ്. എസ്സും, എസ്. എൻ. ഡി. പി. യും അതുകൊണ്ടു് അവരുടെ നേതാക്കന്മാർക്കു നിയന്ത്രിക്കാം. നമ്മുടേതു് അങ്ങനെ നിയന്ത്രിക്കപ്പെടുക വയ്യ. സമുദായത്തിനുമീതെ മതമുള്ളതുകൊണ്ടുതന്നെ.

സാമുദായികമോ, സാമ്പത്തികമോ, വിദ്യാഭ്യാസപരമോ, ഇങ്ങനെ ഏതൊരു വിഷയത്തിലും സമുദായത്തിനു് ഒരു നേതൃത്വം കൊടുക്കുവാൻ കത്തോലിക്കാ കോൺഗ്രസ്സിനാവില്ല. എന്തു നേതൃത്വം കൊടുത്താലും സഭാനേതാക്കന്മാരുടെ ചാച്ചിലുകൾ ഏതുവഴിക്കോ ആ വഴിക്കേ സമുദായത്തിലെ നല്ലൊരു പങ്കം തിരിയുകയുള്ളൂ.

മറിച്ചായാൽ അതു പാപമാണെന്നുപോലുമാണു് ധരിച്ചുവച്ചിരിക്കുന്നതു്. അതുകൊണ്ടാണു് ഏറെ സംഘടിതമാണു് നമ്മുടെ സമുദായമെങ്കിലും കത്തോലിക്കാ കോൺഗ്രസ്സുപോലുള്ള ഒരു സമുദായസംഘടന വളരാത്തതു്. അങ്ങനെയൊരു സംഘടന വളർന്നുവരണം എന്നുവരികിൽ ഇന്നു ഭാഗ്യമോടെ വാണരുളുന്ന പോപ്പു് പോൾ ആറാമൻ തിരുമേനിയുടെ പിതാവു നൽകിയ നേതൃത്വം നാം സ്വീകരിക്കേണ്ടതുണ്ടു്.

1870—ൽ പോപ്പു് പീയൂസ് 9—ാമൻെറ കാലത്താണു് മാർപ്പാപ്പായുടെ ഭൗതികാധികാരാധ:പതനം. അതിനെത്തുടർന്നു് കത്തോലിക്കർ രാഷ്ട്രീയത്തിൽനിന്നു ഒഴിഞ്ഞു മാറണമെന്നു് പോപ്പു് ഉപദേശരൂപേണ ഒരു കല്പന കൊടുത്തു. തിരഞ്ഞെടുപ്പിൽ നിൽക്കരുതെന്നു മാത്രമല്ല, തിരഞ്ഞെടുപ്പുകൾക്കു വോട്ടു നൽകരുതെന്നുപോലും ആയിരുന്നു ആ കല്പന. അര നൂററാണ്ടുകാലം ഈ കല്പന നിലനിന്നു.

കത്തോലിക്കർ പരിപൂർണ്ണമായും രാഷ്ട്രീയത്തിൽനിന്നും അകന്നു നിൽക്കുന്ന ഒരു കാലഘട്ടത്തിലാ



ണു് ഒരു വിപ്ലവകാരിയുടെ ശബ്ദം അവിടെങ്ങും മാറെറാലിക്കൊണ്ടതു്. പോൾ ആറാമൻ തിരുമേനിയുടെ പിതാവുതന്നെയാണു് ആ വിപ്ലവകാരി.

കത്തോലിക്കർ ദേശീയ ജീവിതത്തിൽനിന്നും അങ്ങനെ ഒഴിഞ്ഞു നിൽക്കരുതെന്നും, ക്രിസ്തീയ ആദർശങ്ങളുടെ പ്രതിഫലനത്തിനു തന്നെ കത്തോലിക്കർ സജീവമായി രാഷ്ട്രീയത്തിൽ ഇടപെടേണ്ടതാണെന്നും അദ്ദേഹം ശക്തിയായി വാദിച്ചു. ജോർജിയോ മൊന്തീനിയുടെ ഈ അഭിപ്രായത്തെ ശക്തിയായി പിന്താങ്ങിയ ഒരേ ഒരു വൈദികനാണു് ഫാദർ സ്ററർസോ. വൈദികതാല്പര്യത്തിനു പൊതുവേ എതിരായിരുന്നിട്ടുപോലും ഫാദർ സ്ററർസോയും പോപ്പിൻെറ പിതാവുംകൂടി 1919—ൽ ഒരു പുത്തൻ രാഷ്ട്രീയ പാർട്ടിക്കു് രൂപംനൽകി. ഈ പാർട്ടിയാണു് പോപ്പുലർപാർട്ടി.

ഇതിനെത്തുടർന്നു് അന്നത്തെ പോപ്പായിരുന്നബനഡിക്ട് 15—ാമൻ പീയൂസ് 9—ാമൻെറ കല്പന റദ്ദാക്കി. അടുത്തുണ്ടായ മൂന്നു തിരഞ്ഞെടുപ്പുകളിലും ഇന്നത്തെ പോപ്പിൻെറ പിതാവു് പുതിയ പാർട്ടിസ്ഥാനാർത്ഥിയായി ജയിച്ചു് നിയമസഭയിൽ പോയി. മുസ്സോലിനിയുടെ കാലത്താണു് പിന്നീടു് ഈ പാർട്ടിയിൽ ഒരു പിളർപ്പുണ്ടായതു്. ഏകാധിപതിയായ മുസ്സോലിനിയുടെ പക്ഷത്തു പോപ്പുലർപാർട്ടി നിൽക്കണമെന്നു വൈദികർ വാദിച്ചു. അതു തെററാണെന്നും, കത്തോലിക്കർ പുരോഗമന വാദികളായിരിക്കണമെന്നും ആ പക്ഷത്തേ താൻ നിൽക്കൂ എന്നും പോപ്പിൻെറ പിതാവും വാദിച്ചു. കൂടെ ഫാദർ സ്ററർസോയും. അതോടുകൂടി പാവം ഫാ. സ്ററർസോ നാടുകടത്തപ്പെട്ടു. മുസ്സോലിനി പോപ്പുലർ പാർട്ടി നിരോധിച്ചു.


രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം 1944—ലാണു് പിന്നീടു് ആ പാർട്ടി ക്രിസ്ത്യൻ ഡെമോക്രാററിക് പാർട്ടി എന്നപേരിൽ പൊന്തിവന്നതു്. നാടുകടത്തപ്പെട്ട ഫാദർ സ്ററർസോ മടങ്ങിവന്നു. 1959—ൽ മരിക്കുന്നതുവരെ ഫാദർ സ്ററർസോ ആയിരുന്നു ക്രിസ്ത്യൻ ഡെമോക്രാററിക് പാർട്ടിയുടെ നേതാവും ഉപദേശകനും. 1943—ൽ പോപ്പിൻെറ പിതാവു മരിച്ചു.

കത്തോലിക്കാ കോൺഗ്രസ്സുപോലുള്ള ഒരു സംഘടന ഉപയോഗമുള്ളതും ജീവനുള്ളതുമാകണമെങ്കിൽ നമ്മുടെ പോപ്പിൻെറ പിതാവിനെപ്പോലെയുള്ള അൽമായരും ഫാദർ സ്ററർസോയെപ്പോലുള്ള വൈദികരും ഉണ്ടെങ്കിലേ ഒക്കൂ.

—0—

# ക്രിസ്തുമസ് വാരം ലോട്ടറി വാരം

— പോൾ ജെ. കൊണത്താപ്പള്ളി



അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് അഖിലകേരളാടിസ്ഥാനത്തിൽതന്നെ ഒരു ഭാഗ്യക്കുറി നടത്തുകയാണു്. അതിൻെറ ഉൽഘാടനം പതിനാറു രൂപതകളിലും ബിഷപ്പുമാർ നിർവ്വഹിച്ചു കഴിഞ്ഞു. ഇപ്പോൾ കേരളത്തിലുള്ള നാലായിരത്തോളം ഇടവകകളിൽ ഈ ഭാഗ്യക്കുറി ബ. വികാരിമാർ ഉൽഘാടനംചെയ്തുവരികയാണു്. സ്കൂളുകൾ, കോളജുകൾ, സന്യാസാശ്രമങ്ങൾ, ആസ്പത്രികൾ, സാമൂഹ്യ പ്രവർത്തനകേന്ദ്രങ്ങൾ, വ്യവസായശാലകൾ എന്നിവിടങ്ങളിലെല്ലാം ഈ ഭാഗ്യക്കുറി പ്രവേശിച്ചുകഴിഞ്ഞു.

കോട്ടയത്തുള്ള കേന്ദ്ര ഓഫീസിൽനിന്നു് ലക്ഷക്കണക്കിനു ലോട്ടറി ടിക്കററുകൾ വിതരണം ചെയ്തിട്ടുണ്ടു്. പത്രങ്ങളിലെ പരസ്യവും വാർത്തകളും മുറയ്ക്കു വന്നുകൊണ്ടിരിക്കുന്നു. ഇങ്ങനെ ശാസ്ത്രീയമായി സംവിധാനം ചെയ്തിട്ടുള്ള ഈ ഭാഗ്യക്കുറി ബിഷപ്പുമാരുടെയും വൈദികരുടെയും ഉത്സാഹത്തിലാണു് നടക്കുന്നതു് എന്നതു സംഘടനയ്ക്കു കൃതാർത്ഥത നൽകുന്നുണ്ടു്.

എന്നാൽ അവരെ സഹായിക്കാൻ ഓരോ അൽമായനും മുന്നോട്ടു വരണം. ഇടവകതോറും ലോട്ടറിവിതരണപദ്ധതി ആവിഷ്ക്കരിക്കണം. ഇതിനുവേണ്ടി അർപ്പിതമായിരിക്കുന്ന ഒരു വാരമാണു് ക്രിസ്തുമസ് വാരം. ഈ വാരത്തിൽ ക്രിസ്തു ഓരോ വീട്ടിലും അവതരിച്ച സന്തോഷം അലതല്ലും. അപ്പോൾ അവിടെ ഓരോ ലോട്ടറി ടിക്കററെങ്കിലും പ്രവേശിക്കുന്നതിനു് ഉത്തമ സന്ദർഭമാണു്. ഇത്തവണത്തെ ക്രിസ്മസ് വാരം ലോട്ടറിവാരമായി ആചരിച്ചാൽ ഭാഗ്യക്കുറി സമുദായത്തിനു ഭാഗ്യം വരുത്തും, തീർച്ച.

# ഖണ്ഡിതമായ ഒരു പദ്ധതി ആവിഷ്ക്കരിക്കണം

— പി. ജെ. സെബാസ്റ്റ്യൻ —

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് എന്ന നാമം അന്വർത്ഥമാക്കിയെങ്കിൽ മാത്രമേ സംഘടനയ്ക്കു് എന്തെങ്കിലും പുരോഗതി ഉണ്ടാകൂ. ഉദയംപേരൂർ സൂനഹദോസിനുശേഷം സംജാതമായ സംശയങ്ങൾ ഇന്നും നിലവിലിരിക്കുന്നു എന്നുള്ളതു് കേരള കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം ഭയാനകമായ ഒരു അവസ്ഥാവിശേഷമാണു്.

ഇന്നത്തെ സ്ഥിതിഗതികൾ വച്ചു നോക്കുമ്പോൾ കേരള കത്തോലിക്കരുടെയിടയിൽ കോളേജിയാലിററിയും, ഡയലോഗ്ഗും, എക്യുമേനിസവും ഇനിയും സംജാതമാകേണ്ടതായിട്ടാണിരിക്കുന്നതു്. വത്തിക്കാൻ സൂനഹദോസിൻെറ ചൈതന്യം അലതല്ലി ഫലമണിയണമെങ്കിൽ കേരള കത്തോലിക്കാസഭയിലുള്ള വിവിധറീത്തുകൾ തമ്മിൽഐക്യവുംസൗഹൃദവും ഇനിയും വളർന്നുവരേണ്ടതായിട്ടാണിരിക്കുന്നതു്. അകത്തോലിക്കരെ കത്തോലിക്കാസഭ മാടിവിളിക്കുന്നുണ്ടെങ്കിലും കേരളത്തിലെ സഭയിൽ അതു് ഫലമണിയണമെങ്കിൽ കത്തോലിക്കരുടെയിടയിൽത്തന്നെ യോജിപ്പു് അത്യന്താപേക്ഷിതമാണു്.

അങ്ങനെയുള്ള ഒരു യോജിപ്പിൻെറ ഉരകല്ലാണു് എല്ലാ റീത്തിൽപെട്ട ഇടവകകളിലെയും ജനങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിൽ അംഗങ്ങളായി ചേരുക എന്നുള്ളതു്.

എൻ. എസ്. എസ്. പോലെയോ, എസ്. എൻ. ഡി. പി. പോലെയോ, കത്തോലിക്കാ കോൺഗ്രസ്സ് വളരുമെന്നു വിചാരിക്കേണ്ടതില്ല. എൻ. എസ്. എസിനും, എസ്. എൻ. ഡി. പി. ക്കും, അവരുടെ മതവും സമുദായവും സംഘടനതന്നെയാണു്. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം അവരുടെ മതകാര്യങ്ങൾ നിയന്ത്രിക്കുവാനും അതിനുവേണ്ട ഉപദേശങ്ങൾ നൽകുവാനും മാർപ്പാപ്പാമുതൽ ഇന്നലെ കർബാനപ്പട്ടം സ്വീകരിച്ച വൈദികർവരെ ഉണ്ടെന്നുള്ളകാര്യം വിസ്മരിച്ചുകൂടാ.

അൽമേനികൾക്കു പ്രവേശിക്കുവാൻ പാടില്ലാത്ത ഇടങ്ങൾ നമ്മുടെ സഭയുടെ കെട്ടുപാടിൽ ഉണ്ടു്. എന്നാൽ ഇതര സംഘടനകൾക്കു അങ്ങനെയൊരു പരിധിയോ നിരോധനമോ ഇല്ല. വൈദികർക്കു ജനങ്ങളുടെമേലുള്ള സ്വാധീനം അനല്പമാണു്.

ഒരു വൈദികൻെറ സഹായസഹകരണത്തോടുകൂടിയല്ലാതെ കത്തോലിക്കാ കോൺഗ്രസ്സിൻെറ ഒരു ശാഖപോലും ഉണ്ടാകുവാൻ സാദ്ധ്യമല്ല. എന്നാൽ ഇക്കാര്യത്തിൽ എല്ലാ വൈദികരും ഉൽസുകരാണെന്നു പറയുവാൻ നിവൃത്തിയുമില്ല.

എവിടെയെല്ലാം വൈദികർ ഉത്സാഹപൂർവം പ്രവർത്തിക്കുന്നുണ്ടോ, അവിടെയെല്ലാം കത്തോലിക്കാ കോൺഗ്രസ്സിൻെറ ശാഖ അനായാസേന സ്ഥാപിച്ചു് ഊർജ്ജിതമായി പ്രവർത്തിക്കുന്നുണ്ടു്.

നമ്മുടെ അഭിവന്ദ്യ തിരുമേനി

(ശേഷം 8—ാംപേജിൽ)

www.malankaralibrary.com

# ചരിത്രത്തിൻെറ



മാർപ്പാപ്പാതിരുമേനി കർദ്ദിനാറം ഗ്രാഷ്യസുമൊരുമിച്ച ജനക്കൂട്ടത്തിനിടയിൽ.



മാർപ്പാപ്പായും കാൻറർബറി ആർച്ച് ബിഷപ്പു ഭാവിയിലെ ''സംഭാഷണ'' പരിപാടി സംബന്ധിച്ച സംയുക്ത പ്രസ്താവനയിൽ ഒപ്പുവയ്ക്കുന്നു.




മടക്കയാത്രക്കായി ബോംബെ വിമാനത്താവളത്തിലെത്തിയ മാർപ്പാപ്പാതിരുമേനി കേന്ദ്രമന്ത്രി കൃഷ്ണമാചാരിയോടു യാത്ര പറയുന്നു.

www.malankaralibrary.com

# നാഴികക്കല്ലുകൾ



രണ്ടാംവത്തിക്കാൻ സൂനഹദോസിൽ സംബന്ധിച്ച സഭാപിതാക്കന്മാർ
ഉൾപ്പെടുന്ന ഒരു ഘോഷയാത്രാരംഗം.



പരിശുദ്ധപിതാവ് പോൾ ആറാമൻ സൂനഹദോസിൽ സംബന്ധിച്ച
സഭാപിതാക്കന്മാരോടൊത്ത്.

www.malankaralibrary.com

# ഓരോ ഇടവകയും ഓരോ യൂണിററ്

— ഷെവ. വി. ജെ ജോസഫ്

സെമിത്തേരിപ്രശ്നം, വിദ്യാഭ്യാസബിൽ, കടിയിറക്ക് മുതലായ അടിയന്തിര ഘട്ടങ്ങളുണ്ടാകമ്പോഴാണ് സംഘടനയുടെ പ്രയോജനം മനസ്സിലാകുക. അപ്പോഴാണ് സംഘടനയെപ്പററി ചിന്തിക്കുന്നതുതന്നെ. തീ ആളിക്കത്തുമ്പോഴാണ് കെട്ടത്താൻ വെള്ളം കോരാനുള്ള ബക്കററുവാങ്ങാൻ ഓടുക.

സജീവമായ ഒരു സംഘടന ഊർജ്ജിതമായി പ്രവർത്തിച്ചുകൊണ്ടിരുന്നെങ്കിലേ അപ്രകാരമുള്ള സന്ദർഭങ്ങൾ ഉണ്ടാകാതിരിക്കത്തക്കവിധത്തിൽ സമുദായത്തെ സംരക്ഷിക്കാനാവു. അതിനവേണ്ടി പ്രധാനമായി ചെയ്യേണ്ടതു് ഇടവകയൂണിററ് ശക്തിപ്പെടുത്തുകയാണ്. കേന്ദ്രത്തിൽ എന്തെല്ലാം പദ്ധതികൾ ആസൂത്രണംചെയ്താലും, ഇടവകയൂണിററുകൾ ശക്തിപ്പെടുത്തിയില്ലെങ്കിൽ അടിത്തറയുറയ്ക്കാത്ത സൗധംപോലെയായിരിക്കും.

എല്ലാ ഇടവകകളും സംഘടിതമായി പ്രവർത്തിക്കുന്ന കത്തോലിക്കാ കോൺഗ്രസിന്റെ ശാഖകളായിരിക്കണം. എല്ലാ തരക്കാരെയും ആകർഷിക്കത്തക്ക പ്രവർത്തന പരിപാടികൾ ഇടവകകൾതോറും ഉണ്ടായിരിക്കണം. മനഷ്യമനസ്സുകളെ ആകർഷിക്കത്തക്കതോ വശീകരിക്കത്തക്കതോ ആയിട്ടുള്ള പരിപാടികളൊന്നും ഇതേവരെ കത്തോലിക്കാ കോൺഗ്രസ് ആസൂത്രണം ചെയ്തിട്ടില്ല. കലാമണ്ഡലംപോലുള്ള നല്ല പ്രസ്ഥാനങ്ങൾ ആരംഭിച്ചിട്ടുള്ളതു് പ്രതീക്ഷയ്ക്കു വക നൽകുന്നു.

റിക്രിയേഷൻ സെൻറർ, വായനശാല, ആർട്ട്സ് ക്ലബ്ബ്, തുടങ്ങിയവയിലൂടെ നമ്മുടെ യുവതലമുറയെ ഇതിലേയ്ക്കു് ആകർഷിക്കുവാൻ സാധിക്കും. അങ്ങനെ നാടകങ്ങൾ അഭിനയിച്ചും കലാവാസനയുള്ളവരെ പ്രോത്സാഹിപ്പിച്ചും വളരെവേഗം വിജയിക്കുവാൻപററിയ മാർഗ്ഗങ്ങൾ ഉണ്ടായിരിക്കണം. കമ്യൂണിസ്ററുകാരുടെ വിജയത്തിനുള്ള പ്രധാനകാരണം കലയും കലാകാരന്മാർക്കും അവർ നൽകിയ പ്രോത്സാഹനങ്ങളും കലയെ അവർ തങ്ങളുടെ പ്രചരണോപാധിയായി സ്വീകരിച്ചതുമാണ്.

കഴിഞ്ഞ കുറെ ദശാബ്ദങ്ങളിലെ ചരിത്രം പരിശോധിച്ചാൽ നാം സ്കൂളുകൾക്കും ആസ്പത്രികൾക്കുംവേണ്ടി വളരെയധികം പരിശ്രമിച്ചിരുന്നു എന്നു കാണാം. എന്നാൽ ഇന്ന് എല്ലാ വിഭാഗക്കാരും ആ രംഗത്തു് പ്രവർത്തിക്കുവാൻ തുടങ്ങിയിട്ടുണ്ട്. ബിസ്സിനസ് ചിന്താഗതിയാണ് ഇന്ന് അതിന്റെയൊക്കെ പിന്നിലുള്ളതു്. ആത്മീയ കാര്യങ്ങളിലും അതിന്റെ ഭരണത്തിലും കത്തോലിക്കാസംഘടനയോളം ഉറച്ച സംഘടന വേറെയില്ല.

പക്ഷെ, രാഷ്ട്രീയ സാമുദായിക പ്രശ്നങ്ങളിൽനിന്നോ ഭൗതികമണ്ഡലങ്ങളിൽനിന്നോ കത്തോലിക്കർക്ക് അകന്നുനിൽക്കുക സാദ്ധ്യമല്ല. അതിനാൽ സഭയുടെ ആത്മീയ സംഘടനാശക്തി എത്ര വലുതായിരുന്നാലും കത്തോലിക്കാ കോൺഗ്രസ്സുപോലെയുള്ള സാമുദായികസംഘടന കൂടി ശക്തിപ്പെടുത്തിയില്ലെങ്കിൽ ഇന്ത്യയിൽ, പ്രത്യേകിച്ചു്, കേരളത്തിൽ നാം പരാജയപ്പെടുകയേയുള്ള.

സമർത്ഥരായ പല കൃഷിക്കാരും ഇന്നു് കൃഷിഭൂമിയില്ലാതെ വലയുകയാണ്. ചുവരുണ്ടെങ്കിലേ ചിത്രമെഴുതാൻ സാധിക്കൂ. ഈ കൃഷിക്കാരെ സഹായിക്കേണ്ടതു് നമ്മുടെ ധാർമ്മികമായ ഒരു ചുമതലയാണ്. വ്യക്തിപരമായി അസാദ്ധ്യമായതു് സംഘടനാലവലിലാണെങ്കിൽ വളരെ എളുപ്പമാണ്.

നമ്മുടെ മുതലാളിമാരും ശ്രമികരും സംഘടനയുംകൂടി ഒത്തൊരുമിച്ചാൽ നിഷ്പ്രയാസം സാധിക്കും. പ്രായോഗികാനുഭവത്തിൽ നിന്നാണിതു പറയുന്നതു്. മലബാറിലെ രാജപുരം കോളനിയിലും തളിപ്പറമ്പ കോളനിയിലുമായി എഴുപത്തഞ്ചായിരത്തോളം കത്തോലിക്കാ കർഷകരുണ്ട്.

കടിയേററപദ്ധതി പ്രായോഗികമായി എത്രമാത്രം വിജയിക്കുമെന്നുള്ളതു് പരീക്ഷിച്ചറിയുവാൻ വേണ്ടി ആദ്യം 72 കുടുംബങ്ങളെ രാജപുരത്തു് അധിവസിപ്പിച്ചു. തികച്ചും വിജയപ്രദമായിത്തീർന്ന ഈ പരീക്ഷണം കൂടുതൽ കുടുംബങ്ങളെ കുടിയേററുന്നതിനുള്ള പ്രചോദനം നൽകി.

ഇന്നു് രാജപുരത്തും തളിപ്പറമ്പ കോളനിയിലുമായി എഴുപത്തയ്യായിരത്തോളം ജനങ്ങൾ സാമാന്യം സമ്പന്നരും, സംതൃപ്തരുമാണ്. ഇങ്ങനെയുള്ള പദ്ധതികൾ നാം സംഘടിപ്പിച്ചു് ആസൂത്രണംചെയ്താൽ ഷിമോഗയിലെപ്പോലെ മരത്തണലുകളിൽ അഭയംതേടിയിരിക്കുന്ന ആയിരങ്ങളുടെ ചുടുകണ്ണീർ നമുക്കൊരു ശാപമായിത്തീരുകയില്ല.

# സമുദായത്തിൻെറ മൗലികാവകാശസംരക്ഷണം

—ഇ. എം. ജോസഫ്—

നമ്മുടെ രാഷ്ട്രീയനേതാക്കന്മാർക്കു് സാമുദായികസംഘടനകളെ ഇടിച്ചുതാഴ്ത്തുക എന്നതിൽകവിഞ്ഞു് മറെറാരുപരിപാടിയുമില്ല. കത്തോലിക്കരോടുള്ള ഇവരുടെ മനോഭാവമാണതിലും ഭയങ്കരം. കത്തോലിക്കർ മറുനാട്ടിൽ നിന്നെങ്ങോ വന്നവരാണെന്നാണ് ഇവരുടെയൊക്കെ ധാരണ. ഭൂരിപക്ഷം നേതാക്കളും വർഗ്ഗീയ ചിന്താഗതിയുള്ളവരാണ്.

അതിനാൽ കത്തോലിക്കരെ ശ്വാസംമുട്ടിക്കുന്ന പല രംഗങ്ങളും ഇനി ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ കത്തോലിക്കാ കോൺഗ്രസുപോലെയുള്ള സംഘടനകൾ മൗലികാവകാശസംരക്ഷണ ത്തിനാവശ്യമാണ്.

വർഗ്ഗീയതയുടെപേരിൽ എന്തെന്തു ഹീനകൃത്യങ്ങളാണു നടക്കുന്നതു്. ഷിമോഗാ തന്നെ ഇതിനൊരു പ്രത്യക്ഷ തെളിവല്ലേ? ജനസംഘക്കാരുടെയുംമററും കറുത്ത കൈകളല്ലേ ഇതിൻെറ പിന്നിൽ ചലിച്ചതു്? കേരളത്തിലെ കമ്യൂണിസ്റ്റ് ഭരണകാലത്തെ അനുഭവങ്ങളും നമ്മുടെ ഓർമ്മയിൽനിന്നു മായാറായിട്ടില്ലല്ലൊ.

കമ്യൂണിസ്റ്റ് മന്ത്രിസഭയുടെ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾപോലുള്ള വർഗ്ഗീയ പകപോക്കലിനെതിരെ ശബ്ദമുയർത്തണമെങ്കിൽ ഒരു സംഘടനയിലൂടെ മാത്രമേ സാധിക്കൂ. അല്ലെങ്കിലോ നമ്മെപ്പോലുള്ള ന്യൂനപക്ഷസമുദായങ്ങളുടെ മൗലികാവകാശങ്ങളും താല്പര്യങ്ങളും എന്നേയ്ക്കുമായി കുഴിച്ചുമൂടേണ്ടിവരും.

അവശക്രൈസ്തവ സഹോദരങ്ങളുടെ സ്ഥിതിയും ഇതുതന്നെ. കത്തോലിക്കാ കോൺഗ്രസ്സുപോലെയുള്ള സംഘടനകൾ അവർക്കു സഹായഹസ്തം നീട്ടിയില്ലെങ്കിൽ അവരും അവഗണിക്കപ്പെട്ടതുതന്നെ. ഇന്നത്തെ ഗവർമ്മെൻറാനുകൂല്യങ്ങൾതന്നെ ഈ നഗ്നയാഥാർത്ഥ്യത്തിൻെറ പൂച്ച തെളിച്ചു കാണിക്കുന്നുണ്ട്. അർഹതയുള്ളവർക്കല്ല ആനുകൂല്യങ്ങൾ അധികവും. പിന്നെയോ, മതത്തിൻെറ പേരിലുള്ള വിവേചനം അവിടെയും ഒരു മൂടുപടത്തിലൂടെ തെളിഞ്ഞു കാണാം.

വ്യക്തിപരമായ നേട്ടങ്ങൾക്കു വേണ്ടിയല്ല, കത്തോലിക്കാ കോൺഗ്രസ്സ് നിലകൊള്ളുന്നതു്. സമൂഹത്തിൻെറയോ സമുദായത്തിൻെറയോ പൊതു താല്പര്യത്തിനും മൗലികാവകാശ സംരക്ഷണത്തിനുംവേണ്ടിയാണ് ഈ സംഘടന നിലകൊള്ളുന്നതു്.

ഈ അടുത്തകാലത്തുണ്ടാക്കിയ സെമിത്തേരിനിയമങ്ങൾ ശവസംസ്കാരങ്ങൾക്കു എന്തുമാത്രം തടസ്സങ്ങൾ സൃഷ്ടിച്ചു. വളരെ ഒച്ചപ്പാടുണ്ടാക്കിയ ഒന്നല്ലേ തൈക്കൽ സംഭവം. മററുള്ളവർക്കു് ശവം എവിടെയും മറവു ചെയ്യാം. ഒരാരോഗ്യവകുപ്പും അതിനൊരു ദോഷവും കണ്ടില്ല. ഒരു നിയന്ത്രണവും ഉണ്ടാക്കിയില്ല. ഈ സെമിത്തേരി നിയമങ്ങൾക്കെതിരായിട്ടുള്ള കത്തോലിക്കാ കോൺഗ്രസ്സിൻെറ നീക്കങ്ങൾ ഒരുപക്ഷേ അധികംപേരും അറിഞ്ഞു കാണുകയില്ല. കാരണം, ദോഷങ്ങൾ കണ്ടുപിടിക്കാനാണല്ലൊ കൂടുതൽ വാസന.

പ്രധാനപ്പെട്ട മറെറാന്നാണ് പാർലമെൻറിൽ അവതരിപ്പിച്ച ക്രിസ്ത്യൻ വിവാഹനിയമ ചട്ടങ്ങൾ. പ്രസ്തുത ആക്ട് പ്രകാരം വിവാഹം കഴിപ്പിക്കുന്ന വൈദികർ ലൈസൻസ് എടുക്കണംപോലും! ഈ ലൈസൻസ് ഏതുസമയത്തും റദ്ദു ചെയ്യാനുള്ള വകുപ്പുകളും പ്രസ്തുത ആക്ടിൽ ഉണ്ടായിരുന്നു. ഇതിൻെറയെല്ലാം ദൂഷ്യഫലം അധികംപേർക്കും മനസ്സിലായിക്കാണുകയില്ല. കാരണം, അപ്രകാരമുള്ള ഒരു ഘട്ടത്തിലെത്തുന്നതിനുമുമ്പായി ത്തന്നെ കത്തോലിക്കരും മററു ക്രിസ്ത്യൻ വിഭാഗങ്ങളും പ്രതിഷേധ പ്രമേയങ്ങൾ പാസാക്കുകയും മെമ്മോറാണ്ഡങ്ങൾ സമർപ്പിക്കുകയും ചെയ്തു. മി. ഇ. പി. വറുഗീസും, ഞാനുംകൂടിയാണ് ഡൽഹിയിൽപോയി മെമ്മോറാണ്ഡം സമർപ്പിച്ചതു്. ഏതായാലും 1963—നുശേഷം പ്രസ്തുത ആക്ട് സംബന്ധിച്ചുള്ള യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

# യഥാർത്ഥസേവകരെ മാനിക്കുന്നില്ല!

—എം. ഒ. ജോസഫ് നെടുങ്കുന്നം

കഴിഞ്ഞ നാല്പത്തഞ്ചു കൊല്ലത്തിനിടയ്ക്കു് ഈ സംഘടന വേണ്ടെന്നു് ആരും പറഞ്ഞിട്ടില്ല. ഇതിൻെറ ആവശ്യത്തെ ആരും നിഷേധിക്കുന്നുമില്ല. പ്രവർത്തന വൈകല്യങ്ങളെ മാത്രമേ പഴിക്കുന്നുള്ളൂ. അതിൽനിന്നു മനസ്സിലാകുന്നതു് ഇപ്രകാരമുള്ള ഒരു സംഘടന വളരെ ആവശ്യമാണെന്നുള്ള ചിന്താഗതി എല്ലാവർക്കും ഉണ്ടെന്നാണ്. പ്രത്യേകിച്ചു്, ഇന്നാണെങ്കിൽ സംഘടനാപുരോഗതിയെപ്പററി സമുദായനേതാക്കൾ അവഗാഢമായി ചിന്തിച്ചുകൊണ്ടിരിക്കുകയുമാണല്ലൊ.

എല്ലാവരും കത്തോലിക്കാ കോൺഗ്രസിൽ അംഗങ്ങളാകണമെന്നില്ല. സേവനസന്നദ്ധതയുള്ളവർ മാത്രം രംഗത്തിറങ്ങിയാൽ മതി. എന്നാൽ സേവനസന്നദ്ധർക്കുവേണ്ടിയാണ് നമ്മുടെ സമുദായം ദാഹിക്കുന്നതു് എന്നുള്ളതാണു പരമാർത്ഥം. സേവനസന്നദ്ധർ ഉണ്ടു്. പക്ഷെ, അവർ രംഗത്തേക്കിറങ്ങുന്നില്ല. അപ്രകാരം ഇറങ്ങുന്നവരെ സമുദായം വേണ്ടവിധത്തിലൊട്ടു മാനിക്കുന്നുമില്ല.

ആരെങ്കിലും അങ്ങനെ തയാറായി രംഗത്തിറങ്ങിയാൽ അവർക്കു ലഭിക്കുന്ന പാരിതോഷികമോ? തീരാത്ത കുറേ കണ്ണുനീർത്തുള്ളികളും! പീററർ റെഡ്ഡി, സാധു ഇട്ടിയവിരാ, ഫാദർ വടക്കൻ, എം. എം. വർക്കി തുടങ്ങി എത്രയോ സേവനസന്നദ്ധർ! ആരാണ് അവരെയൊക്കെ ബഹുമാനിച്ചതു്? അംഗീകരിച്ചതു്? ഇവിടെ നമ്മുടെ സമുദായത്തിൽ സേവനത്തിനു വിലയില്ല.

സേവനത്തിൻെറ ലേബലൊട്ടിച്ചുനടക്കുന്ന സ്വാർത്ഥമതികളെ പാലൂട്ടിവളർത്തുന്ന സമുദായനീതിയാണ് നമ്മുടേതു്. അവർക്കാണു സ്ഥാനമാനങ്ങളും, കീർത്തിമുദ്രകളും. ആരെങ്കിലും പൊതുജനസേവനത്തിനു മുന്നോട്ടിറങ്ങിയാൽ അവരുടെ കരംതീരുവനോക്കിയാണ് സേവനത്തിൻെറ മഹത്വം അളക്കുന്നതു്.

അൽമേനികൾക്കല്ല, വാസ്തവത്തിൽ അച്ചന്മാർക്കുപോലും സ്വതന്ത്രമായി, പുരോഗമനാത്മകമായി ഇവിടെ ഒന്നും പ്രവർത്തിക്കാൻ പററത്തില്ല. അത്തരം ഒരു കെട്ടുപാടാണ് നമ്മുടേതു്. സേവനോൽസുകരായി ധാരാളം യുവവൈദികർ രംഗത്തിറങ്ങുന്നുണ്ടു്. പക്ഷെ അവർക്കു പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യമില്ല. അങ്ങനെ അവരും കൂട്ടിലടച്ച കിളിയെപ്പോലെ ബന്ധിതരാവുന്നു. ആ ബന്ധനങ്ങളിൽനിന്നെല്ലാം മോചനം പ്രാപിച്ചു് ഒരു വികാരിയായോ മറേറാ ഉയരണമെങ്കിൽ വർഷങ്ങൾതന്നെ പിടിക്കും. അപ്പോഴേയ്ക്കും അവരും ഒന്നാംതരം യാഥാസ്ഥിതികരായി മാറും. അവരാണ് അടുത്ത തലമുറകളെ പരിശീലിപ്പിക്കുന്നതും. ഈ പാരമ്പര്യം അനുസ്യൂതം തുടരുകയാണ്.

പ്രവർത്തിക്കാൻ ആഗ്രഹമുള്ള ചെറുപ്പക്കാരായ വൈദികർക്കു സ്വാതന്ത്ര്യം കിട്ടുമ്പോഴേയ്ക്കും അവർ വൃദ്ധന്മാരാകുന്നു. „ഇനി ഞാനായിട്ടെന്താ പ്രവർത്തിക്കാനാ,, എന്ന ചിന്താഗതിയോടുകൂടി അവർ നിശ്ശബ്ദജീവിതത്തിലേയ്ക്കു് മാറുന്നു.

കത്തോലിക്കാ കോൺഗ്രസ്സിനെസംബന്ധിച്ചുപറഞ്ഞാൽ ഇതൊരു കടലാസുപുലിയാണ്. ഇതാരെയും കടിക്കുകയില്ല. ഈ ചിന്താഗതിയാണ് എല്ലാവർക്കും. ആരാണിതിനുത്തരവാദികൾ?

—0—

## ഖണ്ഡിതമായ പദ്ധതി ആവിഷ്ക്കരിക്കണം

(5—ാം പേജ് തുടർച്ച)

മാർ കത്തോലിക്കാ കോൺഗ്രസ്സിൻെറ വളർച്ചയിലും അഭിവൃദ്ധിയിലും ആകാംക്ഷയുള്ളവരാണെന്നുള്ളതു് സന്തോഷാവഹംതന്നെ. എല്ലാ വൈദികർക്കും ഈ അതൃപ്തി ഉണ്ടായിക്കഴിഞ്ഞാൽ കേരളത്തിലെ എല്ലാ ഇടവകകളിലും ശാഖകൾ ഉണ്ടാകുവാൻ യാതൊരു വിഷമവും കാണുകയില്ല.


ഓരോ ഇടവകയിലും ഓരോ ശാഖയും ചെയ്യേണ്ടതെന്തെല്ലാമെന്നു് ഖണ്ഡിതമായി നിർദ്ദേശിക്കുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ട സമയം അതിക്രമിച്ചിരിരിക്കുന്നു. ഈ പദ്ധതികൾ വിജയിപ്പിക്കുന്നതിനു് ഇടവകവികാരിയുടെ ആത്മാർത്ഥമായ സഹകരണം അനുപേക്ഷണീയമാണ്.

കേരളത്തിലെ കത്തോലിക്കാ സഭയുടെ വരുന്ന ഇരുപതു കൊല്ലത്തെ ഭാവി ഒന്നുകിൽ അതു് പാവപ്പെട്ടവരുടെ സഭയായി വളരും. അല്ലെങ്കിൽ അതു് പാവപ്പെട്ട സഭയായി ശുഷ്ക്കിക്കും. അപ്രകാരമുള്ള ഒരു ശോച്യാവസ്ഥയിലേയ്ക്കു് സഭ വഴുതി വീഴാതിരിക്കണമെങ്കിൽ ഒരു ചരടിൽകോർത്ത പുഷ്പങ്ങൾപോലെ കേരളത്തിലെ കത്തോലിക്കർ ഏകയോഗമായി പ്രവർത്തിക്കണം.

# മുപ്പതു ലക്ഷത്തിൻേറയും വികാരങ്ങൾ ഉൾക്കൊള്ളണം

— ജോൺ കച്ചിറമററം —

1947വരെ ഒരു സുശക്ത സംഘടനയായി നിലകൊണ്ടകത്തോലിക്കാകോൺഗ്രസ്സ് ഇന്നു് ബലഹീനമാകുന്നെങ്കിൽ അതിൻെറ പ്രധാനകാരണം കത്തോലിക്കാ രാഷ്ട്രീയ നേതാക്കന്മാരുടെ കത്തോലിക്കാ കോൺഗ്രസ്സിനോടുള്ള മനോഭാവം ഒന്നുതന്നെയാണ്



കത്തോലിക്കാ കോൺഗ്രസ്സിൽക്കൂടി നേതൃത്വത്തിലേയ്ക്കു വളർന്നുവന്ന നേതാക്കന്മാർവരെയും സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം രാഷ്ട്രീയ പാർട്ടികളിൽ അംഗത്വം സ്വീകരിച്ചു പ്രവർത്തിക്കുകയും ക. കോൺഗ്രസ്സിനെ അവഗണിക്കുവാനും പുച്ഛിക്കുവാനും തുടങ്ങുകയും ചെയ്തു. കത്തോലിക്കാ കോൺഗ്രസ്സ് ഒരു സുശക്ത സംഘടനയായി നിലകൊണ്ടാൽ രാഷ്ട്രീയ പ്രമാണികൾ നടത്തുന്ന സമുദായദ്രോഹത്തെയും അഴിമതികളെയും കത്തോലിക്കാ കോൺഗ്രസ്സ് എതിർക്കുമെന്നും ബഹുജനങ്ങളുടെ കഠിനമായ എതിർപ്പിനു് അവർ വിധേയരാകേണ്ടിവരുമെന്നും ഇഷ്ടംപോലെ സമുദായത്തിൻെറപേരിൽ രാഷ്ട്രീയം കൈകാര്യം ചെയ്യുവാൻ അവർക്കു്സാധിക്കുകയില്ലെന്നും അവർ മനസ്സിലാക്കി. അതിനാൽ കത്തോലിക്കാ കോൺഗ്രസ്സിനെ ക്ഷയിപ്പിക്കുവാൻ രാഷ്ട്രീയപ്രമാണികൾ കിണഞ്ഞു പരിശ്രമിക്കുകയാണ് ചെയ്തതു്. അതേസമയം കത്തോലിക്കാകോൺഗ്രസ്സ് ഒരു വർഗ്ഗീയസംഘടനയാണെന്നും അങ്ങനെയുള്ള സംഘടനകിളൽഅംഗത്വം സ്വീകരിക്കുന്നതു് തെററാണെന്നും ചിലർ പ്രചരണം തുടങ്ങി. തങ്ങൾ വിശാല ചിന്താഗതിക്കാരാണെന്നു് സ്ഥാപിച്ചു് രാഷ്ട്രീയ നേതാക്കളുടെ പ്രീതി സമ്പാദിച്ചു് രാഷ്ട്രീയ സ്ഥാനമാനങ്ങൾ കരസ്ഥമാക്കുന്നതിനുവേണ്ടി കത്തോലിക്കാ കോൺഗ്രസ്സിനെയും സമമുദായ നേതൃത്വത്തേയും താറടിച്ചുകാണിക്കുവാൻ കത്തോലിക്കാ രാഷ്ട്രീയനേതാക്കന്മാർ പരിശ്രമിക്കുകയുംചെയ്തു.

കത്തോലിക്കാ കോൺഗ്രസ്സിനെ ശക്തിപ്പെടുത്തുവാൻ ശ്രമിക്കാതെയും കത്തോലിക്കാകോൺഗ്ര

www.malankaralibrary.com

# വ്യവസായ രംഗത്തു നേതൃത്വം നൽകണം

**— ഉലഹന്നൻ തോപ്പിൽ**

കത്തോലിക്കർ കാർഷികരംഗത്തല്ലാതെ മറെറാരിടത്തും വിജയിച്ചിട്ടില്ല. ബാങ്കിംഗ്, വ്യവസായം ഇവിടെയെല്ലാം കത്തോലിക്കർക്കു് കനത്ത പരാജയമാണ് സംഭവിച്ചിട്ടുള്ളതു്. കഴിഞ്ഞകാല ചരിത്രം പരിശോധിച്ചാൽ പരാജയത്തിൻെറ ഒരു നീണ്ട പട്ടികതന്നെ കാണാം. അസൂയാർഹമാംവിധം പ്രവർത്തിച്ചു മുന്നേറിയിരുന്ന എത്രയെത്ര ബാങ്കുകൾ തകർന്നു! മോട്ടോർ ഉടമകൾ നശിച്ചു! എന്താണിതിനൊക്കെ കാരണം? നിരീക്ഷണംനടത്തി കാരണം കണ്ടുപിടിക്കേണ്ടതത്യാവശ്യമാണ്. മററു സമുദായങ്ങളിലേയ്ക്കു് ഒന്നു കണ്ണോടിക്കുക. അവർ എല്ലാ രംഗത്തും പ്രവർത്തിക്കുന്നുമുണ്ടു്; വിജയിക്കുന്നുമുണ്ടു്. സഹകരണക്കുറവോ, സാമ്പത്തിക പരാധീനതയോ, പരിജ്ഞാനക്കുറവോ, പ്രാപ്തിയില്ലാഴികയോ എന്താണ് നമ്മുടെ പോരായ്മകൾ? ആ പോരായ്മകൾ കണ്ടുപിടിക്കാൻ ശ്രമിക്കണം. വ്യവസായരംഗത്തു പ്രവർത്തിക്കുവാൻ സമുദായാംഗങ്ങൾക്കു് എന്തെങ്കിലും സഹായമോ, നിർദ്ദേശമോ നൽകാൻ കോൺഗ്രസ്സിനു കഴിഞ്ഞിട്ടില്ല. വിദേശത്തുള്ള നല്ല കത്തോലിക്കർ കോടിക്കണക്കിനു രൂപാ വിലയുള്ള പാല്പൊടിയും നെയ്യും മററു ഭക്ഷ്യസാധനങ്ങളും നമുക്കയച്ചുതന്നിട്ടുണ്ടു്. അതിനു പകരം വല്ല വ്യവസായവും തുടങ്ങുന്നതിനുള്ള യന്ത്രസാമിഗ്രികളോ സാമ്പത്തികസഹായമോ ലഭിച്ചിരുന്നെങ്കിൽ എന്നു് ഞാൻ പലപ്പോഴം ചിന്തിച്ചിട്ടുണ്ടു്. ഒരു വ്യവസായവികസന ലീഗും അതിനു് ഒരു വിദഗ്ദ്ധ കമ്മിററിയും കോൺഗ്രസ്സിനു് ഉണ്ടായിരുന്നുവെങ്കിൽ കത്തോലിക്കാ രാജ്യങ്ങളിൽ നിന്നു് നായിഡ്മാരും, റെഡ്ഡിമാരും, ഗുജറാത്തികളും, മഹാരാഷ്ട്രക്കാരും സമ്പാദിക്കുന്ന തരത്തിലുള്ള വ്യവസായ സാമ്പത്തിക സഹകരണം നമ്മുടെ സമുദായത്തിനും ലഭിക്കുവാൻ അതു സഹായിച്ചേനെ എന്നു ഞാൻ വിശ്വസിക്കുന്നു. ഇനിയെങ്കിലും ആ വഴിക്കു കത്തോലിക്കാ കോൺഗ്രസ്സ് നേതൃത്വം ചിന്തിക്കുമെന്നു ഞാൻ ആശിക്കുന്നു.

കോൺഗ്രസ് ഒരു ഫണ്ടുണ്ടാക്കി മലബാറിലോ, എവിടെയെങ്കിലും മൊത്തമായി കുറേ ഭൂമി വാങ്ങണം. ആ ഭൂമി വ്യക്തികളുടെ സാമ്പത്തിക കഴിവനുസരിച്ചു ആവശ്യക്കാർക്കു വിലയ്ക്കുതന്നെ കൊടുക്കണം. ഒരു ചെറിയ ലാഭം ആരുംപരാതിപ്പെടുകയില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കു തവണകളിലായി തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിലും കൊടുക്കാമല്ലൊ. അങ്ങനെ ഒരു പരിപാടി ആസൂത്രണം ചെയ്താൽ സർക്കാർവനങ്ങളിൽ അന്യായമായി കുടിയേറാനും, അവരെ ഇറക്കിവിടാനും, പ്രക്ഷോഭണം നടത്താനും ഒന്നും ബുദ്ധിമുട്ടേണ്ടാ.

അവശസമുദായ കത്തോലിക്കരുടെ കാര്യമെടുക്കാം. ഗവർമ്മെൻറു പട്ടികജാതിക്കാർക്കു് ചെയ്തുകൊടുക്കുന്ന എല്ലാ സൗജന്യങ്ങളും കൊടുക്കുന്നില്ലാ എന്നു പറഞ്ഞു പ്രക്ഷോഭിക്കുന്നുണ്ടു്. എന്നാൽ ഉന്നതജാതി — ബ്രാഹ്മണ— കത്തോലിക്കർ അവർക്കുവേണ്ടി എന്തു ചെയ്തു? എത്ര കത്തോലിക്കാ കോളേജുകൾ നമുക്കുണ്ടു്. അവയിൽ എത്ര അവശക്രൈസ്തവവിദ്യാർത്ഥികൾപഠിക്കുന്നുണ്ടു്. അവരിൽ എത്രപേർക്കു സ്കോളർഷിപ്പുണ്ടു്? അനേകം അച്ചന്മാരെയും കന്യാസ്ത്രീകളെയും നാം വിദേശങ്ങളിൽ അയച്ചു പഠിപ്പിക്കുന്നു. ഒരു അവശക്രൈസ്തവനെ അയച്ചിട്ടുണ്ടോ? എന്തുകൊണ്ടു്? ഒരു അംബദ്കറെ മതപരിവർത്തനംചെയ്ത പിന്നോക്ക സമുദായത്തിൽനിന്നുസൃഷ്ടിക്കാൻ കേരളത്തിലെ കത്തോലിക്കർക്കു കഴിഞ്ഞില്ല. ഉത്തരേന്ത്യയിൽ ആദിവാസികളിൽനിന്നും മെത്രാന്മാർവരെ ഉണ്ടായിട്ടും കേരളത്തിൽ അവശരിൽനിന്നു് ഒരു വൈദികൻ, അല്ല, ഒരു കപ്യാർപോലും ഉണ്ടായിട്ടില്ല.

---

സ്സിനെ നശിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന രാഷ്ട്രീയ നേതാക്കന്മാർ കത്തോലിക്കാകോൺഗ്രസ്സ് ശക്തിപ്പെടാത്തതിൻെറ ഉത്തരവാദിത്വം വൈദിക നേതൃത്വത്തിലാരോപിച്ചു് രക്ഷപ്പെടുകയാണു ചെയ്യുന്നതു്. അവർ സമുദായത്തെ രക്ഷിക്കുകയല്ല, വൈദിക അൽമായബന്ധം തകർക്കുകയാണ് — രണ്ടാം വത്തിക്കാൻ സൂനഹദോസ് വിഭാവനം ചെയ്യുന്ന വൈദിക അൽമായബന്ധം തകർക്കുകയാണ്.

കേരളത്തിലെ കിഴക്കൻ മലയോരങ്ങളിലെയും മലബാറിലെ സ്വകാര്യ വനപ്രദേശങ്ങളിലെയും കൃഷിക്കാരുടെ അവകാശങ്ങൾ നിഷേധിച്ചപ്പോൾ അവർക്കുവേണ്ടി ധീരമായി ക. കോൺഗ്രസ്സ് പടപൊരുതിയിരുന്നുവെങ്കിൽ ഏതാണ്ടു് 15 ലക്ഷം കത്തോലിക്കരുടെ പിന്തുണ കോൺഗ്രസ്സിനു് ലഭിക്കുമായിരുന്നു. ക. കോൺഗ്രസ്സ് കോളനൈസേഷൻ പദ്ധതി ആവിഷ്ക്കരിക്കുകയും തൊഴിലില്ലാത്തവർക്കു് തൊഴിൽസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു ശ്രമിക്കുകയും ചെയ്താൽ സംഘടന ശക്തിപ്പെടും. സാമ്പത്തിക പരാധീനതയാണ് സംഘടന ശക്തിപ്പെടാത്തതിൻെറ കാരണം എന്നു പറഞ്ഞാൽ വിശ്വസിക്കുവാൻ സാദ്ധ്യമല്ല. സംഘടനാനേതൃത്വം സമുദായനന്മയ്ക്കുവേണ്ടി പരിശ്രമിക്കുമെന്ന ബോദ്ധ്യം സമുദായാംഗങ്ങളിൽ ഉണ്ടായാൽ ആവശ്യത്തിനു് പണവും ഉണ്ടായിക്കൊള്ളും.

കത്തോലിക്കാകോൺഗ്രസ്സ് പ്രവർത്തനപന്ഥാവു് വെട്ടിത്തുറക്കുമ്പോൾ വൈദികരുടെ സഹകരണവും കൂടുതലായി ഉണ്ടായിക്കൊള്ളും. കത്തോലിക്കാ കോൺഗ്രസ്സിൻെറ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കായികകലാസാഹിത്യ മത്സരങ്ങളും, കലാമണ്ഡലപ്രസ്ഥാനവും കത്തോലിക്കാ കോൺഗ്രസ്സിൻെറ പുരോഗതിക്കു് സഹായകരങ്ങളായി ഭവിക്കും.

മുപ്പതുലക്ഷം കത്തോലിക്കരുടെയും വികാരങ്ങൾ മനസ്സിലാക്കി സംഘടന പ്രവർത്തിച്ചാൽ അനതിവിദൂര ഭാവിയിൽ എ. കെ. സി. സി. ഒരു സുശക്ത സംഘടനയായി മാറിക്കൊള്ളും.

# രാഷ്ട്രീയക്കാരുടെ അറപ്പും വെറുപ്പും

**— കെ. ജെ. ചാണ്ടി**

സമുദായകാര്യങ്ങളിൽ താല്പര്യമില്ലാത്തവർക്കും സമുദായസേവനത്തിനായി മുന്നോട്ടു വരാത്തവർക്കും ഒരു സമുദായങ്ങളുടെയും വോട്ടു ലഭിക്കുന്നില്ല. സമുദായനേതാക്കളുടെ അനുഗ്രഹാശിസ്സുകൾ ഇല്ലെങ്കിൽ അവർ പിന്തള്ളപ്പെടുകയാണ ചെയ്യുന്നതു്.

എന്നാൽ കത്തോലിക്കരുടെ നില ഇതല്ല. കത്തോലിക്കാകോൺഗ്രസ്സ് പോലുള്ള സമുദായസംഘടനയെ പുഛിക്കുകയും വെറുക്കുകയും ചെയ്യുന്നവർവരെ കത്തോലിക്കരുടെ വോട്ടുവാങ്ങി ജയിക്കുന്നു. അവരെക്കൊണ്ടു് സമുദായത്തിനു് യാതൊരു നേട്ടവുമില്ല. കത്തോലിക്കരായ രാഷ്ട്രീയ നേതാക്കന്മാർ കത്തോലിക്കാകോൺഗ്രസ്സ് വർഗ്ഗീയമാണെന്നുപറഞ്ഞു ദേശീയ കത്തോലിക്കരായി അകന്നുനിൽക്കുകയാണ്. ഇങ്ങനെയുള്ള ദേശീയ കത്തോലിക്കർ, കത്തോലിക്കർ ഭൂരിപക്ഷമില്ലാത്തിടത്തു് നിൽക്കുവാൻ ധൈര്യപ്പെടുന്നമില്ല. എന്നാൽ, ഈ നിലമാറി, സമുദായത്തോടു് കൂറുള്ളവർക്കേ, കത്തോലിക്കരുടെ വോട്ടുകൾ നൽകുകയുള്ളു എന്നു വന്നാൽ ഇന്നത്തെ രാഷ്ട്രീയക്കാരുടെ അറപ്പും വെറുപ്പും മാറി സമുദായസേവനത്തിനു മുന്നോട്ടു വരുവാൻ അവർ നിർബന്ധിതരാകും. സമുദായ സംഘടനയുടെ അംഗീകാരമില്ലെങ്കിൽ രാഷ്ട്രീയത്തിൽ രക്ഷയില്ലെന്നു വരും. ആ സാഹചര്യം രാഷ്ട്രീയക്കാരെയും കത്തോലിക്കാ കോൺഗ്രസ്സിലേയ്ക്കു് ആകർഷിക്കുവാൻ സഹായകരമാകും.

# വാർഷികസമ്മേളനം തുറന്ന ചർച്ചയ്ക്കു് അവസരം നൽകും

**— ഡി. കുരുവിള മഠയാനി —**

ഒരു സമുദായസംഘടനയായ കത്തോലിക്കാ കോൺഗ്രസ്സ് ഈ നിലയിൽ മുൻപോട്ടു പോയാൽ മതി. മുസ്ളീംലീഗുപോലെ ഇടുങ്ങിയ രാഷ്ട്രീയസംഘടനയാകാൻ പാടില്ല. എല്ലാ ജനകീയ രാഷ്ട്രീയ പാർട്ടി അംഗങ്ങൾക്കും സംഘടനയിൽ പ്രവർത്തിക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കണം. കത്തോലിക്കരെസംബന്ധിക്കുന്ന രാഷ്ട്രീയകാര്യങ്ങളിൽ ഒരു സമുദായസംഘടനയെന്നനിലയിൽ ക. ത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തിച്ചാൽമതി. ഈ സംഘടനയിലെ അംഗങ്ങൾക്കെല്ലാം വർഷത്തിൽ ഒരു തവണയെങ്കിലും ഒന്നിച്ചുകൂടി അഭിപ്രായപ്രകടനങ്ങൾ നടത്തുന്നതിനുള്ള ഒരു പൊതുദിവസം ആവശ്യമാണ്. പ്രസ്തുത ദിവസം എല്ലാ അംഗങ്ങൾക്കും അഭിപ്രായങ്ങൾ പറയുന്നതിനും ആലോചനകളിൽ പങ്കെടുക്കുന്നതിനും പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനുമുള്ള അവസരം നൽകണം.

യുവതലമുറയെ ആകർഷിച്ചടുപ്പിക്കുന്നതിനു് രൂപംകൊണ്ടിട്ടുള്ള കലാമണ്ഡലം ക. കോൺഗ്രസ്സിൻെറ പാതയിലൊരു വെളിച്ചം വീശുമെന്നുള്ള പ്രത്യാശയ്ക്കു് വക നൽകുന്നുണ്ടു്.

—0—

# ഒററസംഘടന ഒരു നേതാവു്

**—ജയിംസ് കണ്ടത്തിൽ**

ഇന്നു് എൻ. എസ്. എസ്സിലേയ്ക്കും എസ്. എൻ. ഡി. പി. യിലേയ്ക്കും ഒക്കെ ഒന്നു നോക്കൂ. എന്തു ശക്തിയോടെയാണവ വളരുന്നതു്!

മന്നമാണെങ്കിൽ എൻ. എസ് എസ്സിൻെറ അനിഷേധ്യ നേതാവാണ്. അദ്ദേഹത്തിൽ കവിഞ്ഞാരും അതിലില്ല. ആരും കൃത്രിമമായി നേതാവാക്കിയതല്ല. സ്വയം നേതാവാകാൻവേണ്ടി പ്രവർത്തിച്ചതുമല്ല. സമുദായത്തോടുള്ള അദ്ദേഹത്തിൻെറ കൂറുകൊണ്ടു് പടിപടിയായി ഉയർന്നു് നേതാവായി. നിസ്വാർത്ഥമായ സേവന തല്പരതയും ആത്മാർത്ഥമായചിന്താഗതിയുമാണ് അതിൻെറ പിന്നിലുള്ളതു്. ഇല്ലായ്മയിൽനിന്നും ജന്മംപൂണ്ട എൻ എസ്. എസ്. ഒരു തലമുറകൊണ്ടുതന്നെ അതിൻെറ പൂർണ്ണ വളർച്ചയിലെത്തി. ഇന്നും വളരുകയാണ്.

ഒരുകാലത്തു് വളർന്നുകൊണ്ടിരുന്ന നമ്മുടെ സംഘടനയുടെ വളർച്ച ഇന്നു നിലച്ചു. എന്താണിതിനു കാരണം? എൻ. എസ് എസ്സിൽ, എൻ. എസ്. എസ്. അല്ലാതെ മറെറാന്നുമില്ല. അവർക്കു് തെക്കുംഭാഗം നായരും വടക്കുംഭാഗം നായരും ലത്തീൻനായരും ഇല്ല. നമുക്കോ? നമുക്കതൊക്കെ ഉ ണ്ടു്. ആ ഢ്യ ത്വം ഉണ്ടെന്നു സ്വയം അഭിമാനിക്കുന്ന സുറിയാനിക്കാരും, ഇല്ലെന്നു പറയപ്പെടുന്ന ലത്തീൻകാരും. ഈ തിരിവു് നമ്മുടെ പരാജയത്തിൻെറ ചവിട്ടുപടികളിൽ ഒന്നാണ് സുറിയാനിക്കാരാണ് കത്തോലിക്കാ കോൺഗ്രസ്സിൻെറ അമരത്തിരിക്കുന്നതു്. അവരില്ലെങ്കിൽ ഈ നൗക അത്യഗാധതയിലേയ്ക്കു താണപോകുംപോലും! ഈ ചിന്താഗതിക്കൊരു മാററം വരുത്തി ലത്തീൻകത്തോലിക്കരുടെ കരങ്ങളിലേയ്ക്കുകൂടി ഇതിൻെറ സ്റ്റിയറിംഗ് ഒന്നു കൊടുക്കണം.

ഇന്നൊരു കൂട്ടർ സംഘടനയുടെ പരാജയത്തിനൊരു കാരണം വൈദികരുടെ സഹകരണക്കുറവാണെന്നു പറയുന്നു. എന്നാൽ ഞാൻ പല ഇടവകകിളലെയും വൈദികരെ സന്ദർശിച്ചിട്ടുണ്ടു്. സംഘടനാക്കാര്യങ്ങളെപ്പററി സംസാരിച്ചിട്ടുണ്ടു്. അവരിൽ അധികംപേരും ഇതിൻെറ അഭ്യുന്നതിയിൽ താല്പര്യമുള്ളവരാണെന്നാണ് എനിക്കു മനസ്സിലായിട്ടുള്ളതു്. പക്ഷെ, സമീപനരീതിയിൽ അല്പം വ്യത്യാസം വരുത്തണം. കടലാസിലൂടെയുള്ള കല്പനമാററി വ്യക്തിപരമായ സമീനപത്തിലേയ്ക്കു നീങ്ങണം. നമ്മുടെ സംഘടനയുടെ പുരോഗതിക്കൊരു വിലങ്ങുതടി ഈ കടലാസുകല്പനയാണ്.

നമ്മുടെ സംഘടനയ്ക്കു പൊളിററിക്സ് ഇല്ല. അതും ഒരു പരിധിവരെ വേണം. മുസ്ളീംലീഗിൻെറ കാര്യം നോക്കുക. അവർക്കൊരു പൊളിററിക്സ് ഉണ്ടു്. അറബിക്കടലിലെ അലകൾപോലെ അവർക്കായിരം സംഘടനകളും വിഭാഗീയ ചിന്താഗതികളും ഇല്ല.

മറെറാന്നു് നമുക്കു് ഒരാവശ്യബോധം വന്നിട്ടില്ല. സുശക്തമായ മതസംഘടനയുള്ളതുമെകാണ്ടു് മറെറാരു സാമൂഹ്യസംഘടന വേണമെന്നു് അധികംപേർക്കും അറിഞ്ഞുകൂടാ.

ചില ഇംഗ്ളീഷ്മരുന്നു് കുലുക്കികുടിക്കണം എന്നു നിർദ്ദേശിച്ചിരിക്കും. അതുകൊണ്ടു് കൂടുതൽ ഔഷധവീര്യവും ഗുണവും ലഭിക്കുന്നു. അതുപോലെ നമുക്കും ചില ഇളക്കവും കുലുക്കവും ഒക്കെ വേണം. എങ്കിൽ മാത്രമേ നമ്മിൽ ഓരോരുത്തനിലും വേർപെട്ടുകിടക്കുന്ന സംഘടനാബോധം കൂടിയടുത്തു് ഒന്നാവൂ. ഉദാഹരണമായി 1945—ൽ സർ സി. പി. യുടെ വിദ്യാഭ്യാസ പരിഷ്ക്കാരം വന്നപ്പോൾ നാം ഒരുമിച്ചുനിന്നു. എല്ലാവരും രംഗത്തിറങ്ങി. 90,000 രൂപ പിരിക്കുന്നതിനു് ഏതാനും ദിവസങ്ങൾ മാത്രം മതിയായിരുന്നു. കമ്യൂണിസ്റ്റ് മന്ത്രിസഭ വിദ്യാഭ്യാസപരിഷ്ക്കാരം കൊണ്ടുവന്നു. അപ്പോഴും എന്തൊരു ചുണയും ചുറുചുറുക്കുമായിരുന്നു. ഇവിടെയുള്ള കത്തോലിക്കരുടെ സിരകളിലൂടെ തിളയ്ക്കുന്ന

---

രക്തമല്ലായിരുന്നോ പ്രവഹിച്ചുകൊണ്ടിരുന്നതു്! അതിൻെറ ഫലമായി ചെറിയതുറയിലും വെട്ടുകാട്ടും പുല്ലുവിളയിലും അങ്കമാലിയിലും മററും രക്തസാക്ഷികൾ വരെ ഉണ്ടായില്ലേ? നമുക്കു് ഒരാവശ്യബോധം വരണം. എങ്കിലേ സംഘടിക്കൂ.

# എ. കെ. സി. സി. യുടെ പരിപാടി

**— ഭരണഘടന —**

ഈ കോൺഗ്രസ്സിൻെറ പ്രവർത്തനപരിപാടി പ്രധാനമായി താഴെപ്പറയുന്നവയാണ്:

അതതുകാലങ്ങളിൽ പ്രാധാന്യമർഹിക്കുന്ന പൊതുപ്രശ്നങ്ങൾ സംബന്ധിച്ചു് സമുദായാംഗങ്ങൾക്കു പ്രബോധനം നൽകുകയും പൊതുജനാഭിപ്രായം രൂപവൽക്കരിക്കുകയും ചെയ്യുക;

സമുദായാംഗങ്ങളുടെപൗരാവകാശങ്ങളേയും അവശതകളേയുംപററി യഥാസ്ഥാനങ്ങളിൽ ഉദ്ബോധിപ്പിക്കുകയും അവശതാപരിഹാരത്തിനും അവകാശപ്രാപ്തിക്കും ഉപയുക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക;

സമുദായാംഗങ്ങളുടെ സാമ്പത്തികോന്നമനത്തിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും, പ്രാവർത്തികമാക്കുകയും ചെയ്യുക,

ദരിദ്രജനങ്ങൾ, തൊഴിലാളികൾ മുതലായവർ അർഹിക്കുന്ന സാമൂഹ്യനീതി അവർക്കു ലഭ്യമാകുന്നതിനും, തൊഴിലാളികൾക്കു് ജീവിതവേതനം നൽകപ്പെടുന്നതിനും വേണ്ടിയത്നിക്കുകയും മേല്പറയപ്പെട്ടവരുടെ ഉൽക്കർഷത്തിനുവേണ്ടി ലഘു നിക്ഷേപപദ്ധതികൾ സഹകരണസംഘങ്ങൾ, ശവസംസ്കാരനിധികൾ, വിവാഹ സഹായനിധികൾ, ഭവനനിർമ്മാണപദ്ധതികൾ, ആദിയായവ ഏർപ്പെടുത്തുകയും ചെയ്യുക;

സമുദായാംഗങ്ങളിൽ മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുക;

കത്തോലിക്കാസഭയുടെ വിദ്യാഭ്യാസാദർശങ്ങൾ പുലർത്തുന്നതിനുവേണ്ടി വിദ്യാർത്ഥീസദനങ്ങൾ, നിശാപാഠശാലകൾ, വയോജനവിദ്യാഭ്യാസ കേന്ദ്രങ്ങൾ, വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, മുദ്രാലയങ്ങൾ, പത്രങ്ങൾ, സാമൂഹ്യ പ്രവർത്തനകേന്ദ്രങ്ങൾ ഇവ നടത്തുകയോ, ഇവയ്ക്കു ധനസഹായം ചെയ്യുകയോ ചെയ്യുക;

നിർദ്ധനരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പ്രോത്സാഹനാർത്ഥം വിദ്യാഭ്യാസനിധികൾ ഏർപ്പെടുത്തുകയും, വേതനങ്ങളും സഹായധനങ്ങളും കടവായ്പയും നല്കുകയും ചെയ്യുക;

സമുദായാംഗങ്ങൾതമ്മിലുണ്ടാകുന്ന വ്യവഹാരങ്ങൾ രഞ്ജകസമിതികൾ ഏർപ്പെടുത്തി ഒത്തുതീർപ്പിൽ അവസാനിപ്പിക്കുക;

അടിയന്തിരങ്ങൾ, വസ്ത്രാഭരണങ്ങൾ ആദിയായവയിൽ സമുദായാംഗങ്ങൾ മിതത്വം പാലിക്കുന്നതിനുവേണ്ട പ്രചരണം നടത്തു

www.malankaralibrary.com

### ലോട്ടറികമ്മററി

1. ഷെവ. ജോസഫ് വിതയത്തിൽ.
2. സി. എം. ജോൺ.
3. ഇ. എം. ജോസഫ്.
4. ചാക്കോ മാന്തുരുത്തിൽ.
5. കെ. ജെ. ചാണ്ടി.
6. വി. ജെ. കുര്യൻ വള്ളവന്തറ.
7. പോൾ ജെ. കൊണത്താപ്പള്ളി.
8. എ. പി. ജോർജ് അക്കരെക്കാരൻ.
9. റവ. ഫാ. ക്ലെമൻറ്സ് സി. എം. ഐ.
10. വെരി. റവ. മോൺ. ഇ. ലോപ്പസ്.
11. പി. ഡി. തൊമ്മൻ.
12. പി. എസ്. വില്യംസ്.
13. ജയിംസ് കണ്ടത്തിൽ.
14. ഉലഹന്നൻ തോപ്പിൽ.
15. കെ. എം. ഡോമിനിക്ക് കരിപ്പാപ്പറമ്പിൽ.
16. വി. സി. ജോർജ്.
17. ജോസഫ് എം. വൈപ്പന.
18. എം. ഒ. വറുഗീസ് മേളാംപറമ്പിൽ.
19. പി. എ. കുരുവിള.
20. ആൻറണി കോച്ചേരി.
21. ജോൺ കച്ചിറമററം.
22. എൻ. കെ. ജോസ്.
23. എ. ജി. അഗസ്റ്റിൻ.
24. വി. പി. ജോസഫ്.
25. ജോസഫ് ചാക്കോള.
26. കെ. ജെ. ജോസഫ്.
27. പീററർ കൊറെയാ.
28. ചെറിയാൻ ചാക്കോ.
29. ഫ്റാൻസിസ് അക്കര.
30. കെ. പി. ജോൺ.
31. റവ. ഫാ. ജി. സി. വാഴൂർ
32. റവ. ഫാ. ജെ. പി. തോട്ടിൽ സി. എം. ഐ.
33. ഷെവ. വി. ജെ. ജോസഫ്.
34. ചാക്കോ കണിയാലിൽ.
35. പി. സി. എബ്രാഹം.
36. ഷെവ. ജോർജ് വറുഗീസ് കണ്ണന്താനം.
37. ഡി. ഒററപ്പാവൻ.
38. ജോർജുതോമസ് കൊട്ടുകാപ്പള്ളി.
39. സിറിയക്ക നിധിയിരി.
40. എൻ. എം. സ്കറിയാ.
41. ഡോമിനിക്ക് ജോസഫ് കുരുവിനാക്കുന്നേൽ.
42. കെ. ജെ. എബ്രഹാം കള്ളവയലിൽ.
43. എം. വി. വർക്കി മഴവഞ്ചേരി.
44. റവ. ഫാ. ജോസഫ് കരോട്ടുകുന്നേൽ.
45. റവ. ഫാ. മാത്യു കാട്ടടി.

### വർക്കിംഗ് കമ്മററി

1. റൈററ് റവ. മോൺ. എൽ.ജെ. ചിററൂർ. (ബിഷപ്സ് ലിഗേററ്.)
2. ഷെവലിയർ ജോസഫ് വിതയത്തിൽ (പ്രസിഡൻറ്.)
3. ശ്രീ സി. എം. ജോൺ (വൈസ് പ്രസിഡൻറ്.)
4. ശ്രീ ഈ. എം. ജോസഫ്. (ജനറൽ സെക്രട്ടറി)
5. ശ്രീ ചാക്കോ മാന്തുരുത്തിൽ. (ട്രഷറർ)
6. വെരി. റവ. മോൺ. ഇ. ലോപ്പസ്
7. വെരി. റവ. ഫാ. ക്ലമൻറ്സ് സി. എം. ഐ.
8. ശ്രീ പി. സി. അബ്രഹാം
9. ,, കെ. എം. ജോസഫ്
10. ,, വി. ജെ. കുര്യൻ.
11. ,, പോൾ ജെ. കൊണത്താപ്പള്ളി.
12. ,, കെ. ജെ. ചാണ്ടി.
13. ,, പി. വി. മാത്യു.
14. ,, എ. പി. ജോർജ്ജ്.
15. ,, പി. ഡി. തൊമ്മൻ.
16. ,, പി.എസ്. വില്യംസ്.
17. ,, പ്രൊഫസ്സർ പി. ററി. തോമസ്.
18. ,, ശ്രീ തോമസ് സെബാസ്റ്റ്യൻ.
19. മിസ്സസ് തങ്കമ്മ ജേക്കബ്.
20. മിസ് മേരി ജെ. കമിയോൺസ്.

### ലോട്ടറി എക്സിക്കൂട്ടീവ് കമ്മററി

1. സി. എം. ജോൺ ചെറുകര. (കൺവീനർ)
2. ഇ. എം. ജോസഫ്.
3. ചാക്കോ മാന്തുരുത്തിൽ.
4. പോൾ ജെ. കൊണത്താപ്പള്ളി
5. റവ. ഫാ. ജെ. പി. തോട്ടിൽ സി. എം. ഐ.

# അഖില കേരള ക. കോൺഗ്രസ്

| വരവിനങ്ങൾ | 1965–ലെ യഥാർത്ഥ വരവ് | 1966–ലെ എസ്റ്റിമേററ് | 31–10–66 വരെയുള്ള യഥാർത്ഥ വരവ് | 1967–ലെ എസ്റ്റിമേററ് |
|---|---|---|---|---|
| | Rs. | Rs. | Rs. | Rs. |
| **ശാശ്വതമൂലധനഫണ്ട്** | | | | |
| ഉപകൃത്തുക്കളുടെയും, ആയുഷ്കാലസാമാജികന്മാരുടെയും ഫീസിൻെറ വിഹിതം | 301.50 | 5000.00 | 57.00 | 5000.00 |
| **വിദ്യാഭ്യാസഫണ്ട്** | | | | |
| സംഭാവന | | 50000.00 | | |
| സ്കോളർഷിപ്പ് തിരികെ | 50.00 | 250.00 | | 250.00 |
| **കേന്ദ്രസംഘടനാഫണ്ട്** | | | | |
| സാമാജികഫീസിൻെറ വിഹിതം | 125.57 | 2000.00 | 23.75 | 2000.00 |
| സംഘടനാപ്രവർത്തനത്തിനു പ്രത്യേക സംഭാവന | | 2000.00 | | 2000.00 |
| **പ്രവർത്തനഫണ്ട്** | | | | |
| ഉപകൃത്തുക്കളുടെയും ആയുഷ്കാലസാമാജികഫീസിൻെറയും വിഹിതം: | 70.37 | 2000.00 | 14.25 | 2000.00 |
| സാധാരണസാമാജിക ഫീസിൻെറ വിഹിതം | 437.08 | 2000.00 | 260.87 | 2000.00 |
| രജിസ്ട്രേഷൻഫീസ് | 20.00 | 500.00 | 8.00 | 500.00 |
| സർട്ടിഫിക്കേററ് ഫീസ് | 84.00 | 500.00 | 19.00 | 500.00 |
| പ്രതിനിധിഫീസ് | 219.00 | 700.00 | 142.00 | 700.00 |
| പലിശ | 3196.24 | 2000.00 | 4048.24 | 20000.00 |
| ഫാറങ്ങൾ, പത്രമാസികകൾ വിററുവരവ് | 127.23 | 200.00 | 58.44 | 200.00 |
| ബുള്ളററിൻ വരിസംഖ്യ | 855.13 | 1000.00 | 141.67 | 2000.00 |
| ബുള്ളററിനു പ്രത്യേക സംഭാവന | 556.00 | 500.00 | | |
| ബുള്ളററിൻവരിസംഖ്യ കുടിശിഖ | | 11252.00 | | 11252.00 |
| ടൂറിസ്റ്റ്ഹോം വാടക. | 1467.10 | 1500.00 | 1283.44 | 1500.00 |
| വാർഷികസമ്മേളനവിഹിതം | | 200.00 | | 200.00 |
| പലവക | | 50.00 | 1.35 | 50.00 |
| **മൂന്നുലക്ഷംഫണ്ട്** | | | | |
| പത്തുപൈസാപിരിവ് 1966 | 54148.75 | 300000.00 | | |
| കെട്ടിടനിർമ്മാണഫണ്ട് പിരിവിനത്തിൽ | | 200000.00 | | |
| അനാമത്ത് | | | 15.81 | 50.00 |
| കലാമണ്ഡലം | | | 110.00 | 1000.00 |
| ഭാഗ്യക്കുറി | | | | 1000000.00 |
| ബിൽസ് പേയബിൾ | 854.25 | | 188.03 | 500.00 |
| അധികചെലവ് | | | 397.97 | |
| ആകെ | 62512.22 | 581652.00 | 6769.82 | 1051702.00 |

കയും പ്രചോദനം നൽകുകയും ചെയ്യുക;

സമുദായാംഗങ്ങളുടെ കലാപരവും സാഹിത്യപരവുമായ പ്രോത്സാഹനത്തിനും അഭിവൃദ്ധിക്കും വിജ്ഞാനത്തിനുംവേണ്ടി കലാപരിപാടികൾ, മത്സരങ്ങൾ, പ്രദർശനങ്ങൾ മുതലായവ നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുക;

കത്തോലിക്കാ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ഗ്രന്ഥങ്ങൾ പ്രചരിപ്പിക്കുന്നതിനും ഒരു പ്രസിദ്ധീകരണശാലയും വിവിധ കേന്ദ്രങ്ങളിൽ ബുക്ക്സ്റ്റോളുകളും ഏർപ്പെടുത്തുക;

സമുദായത്തിലെ സ്ത്രീകളുടെ പുരോഗമനത്തെ സഹായിക്കുന്നതിനു മഹിളാസമാജങ്ങൾ സംഘടിപ്പിച്ച് പ്രത്യേക പ്രവർത്തന പദ്ധതികൾ സ്വീകരിക്കുക;

സമുദായത്തിലെ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും സാമൂഹ്യസേവന പരിശീലനം നൽകുന്നതിനുവേണ്ടി ക്യാമ്പുകൾ, പഠനക്കളരികൾ ആദിയായവ നടത്തുക;

സമുദായത്തിലെ വിദ്യാർത്ഥികളെയും യുവജനങ്ങളേയും തൊഴിലാളികളെയും സംഘടിപ്പിക്കുകയും അവർക്കു നേതൃത്വം നൽകുകയും ചെയ്യുക;

ഈ കോൺഗ്രസ്സിൻെറ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ബഹുജനസമ്മേളനങ്ങളും, ചർച്ചായോഗങ്ങളും വിളിച്ചുകൂട്ടുകയും പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുക;

ഈ കോൺഗ്രസ്സിൻെറ പ്രവർത്തനം ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി ഇതിൻെറ ഔദ്യോഗിക ജിഹ്വയായി ആനുകാലിക പത്രിക പ്രസിദ്ധപ്പെടുത്തുക;

കത്തോലിക്കാസഭയുടെ ആദർശങ്ങൾക്കും തത്വങ്ങൾക്കും, പ്രബോധനങ്ങൾക്കും ഈ കോൺഗ്രസ്സിൻെറ ഭരണഘടനയ്ക്കും, പ്രഖ്യാപിതനയത്തിനും വിരുദ്ധമാകാത്ത വിധത്തിൽ രാഷ്ട്രത്തിൻെറയും സമുദായത്തിൻെറയും നന്മയെ ലക്ഷ്യമാക്കി ഇതര സമുദായങ്ങളും അവരുടെ സംഘടനകളുമായി കഴിയുന്നത്ര സമ്പർക്കം പുലർത്തുകയും സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുക.

—0—

## സന്യാസസംഘടനകൾ

സന്യാസജീവിതം നയിച്ചു സഭയെ സേവിക്കുകയും വിശുദ്ധി സമ്പാദിക്കുകയും ചെയ്യുന്ന എത്രയെത്ര സന്യാസിനീ സന്യാസ സംഘടനകളാണ് ഇന്നുള്ളത്. അവരുടെ ജീവിതം കേരളീയരറിയണം. അവരെ കണ്ടുപഠിക്കണം. ബുള്ളററിനിൽ അവരെ പരിചയപ്പെടുക.

—എഡിററർ.

## വിശ്വാസസത്യങ്ങൾ

സഭയുടെ വിശ്വാസസത്യങ്ങൾ ഗഹനങ്ങളാണ്. ദൈവശാസ്ത്രവും തത്വശാസ്ത്രവും കൂടിയാകുമ്പോൾ ഗഹനതയേറും. എന്നാൽ അവ സാധാരണക്കാർക്കു മനസ്സിലാകുന്നമട്ടിൽ പ്രത്യേക ലേഖകന്മാർ ബുള്ളററിനിൽ എഴുതുന്നതാണ്.

—എഡിററർ.

## കത്തോലിക്കാ വനിതകൾ

മററു വനിതകളെ അപേക്ഷിച്ച് കത്തോലിക്കാ വനിതകൾക്കു എത്രയോ ചുമതലകളുണ്ട്. വത്തിക്കാൻ സൂനഹദോസ് വനിതകളുടെ കർത്തവ്യവും അവകാശവും എടുത്തുപറഞ്ഞിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ കത്തോലിക്കാവനിതകളുടെ ജീവിതം എങ്ങനെ നയിക്കണമെന്നു ബുള്ളററിനിൽ വായിക്കുക.

—എഡിററർ.

## കുട്ടികളുടെ ബുള്ളററിൻ

ബുള്ളററിനിൽ കുട്ടികൾക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പംക്തി ഉണ്ടായിരിക്കുന്നതാണ്. കുട്ടികളുടെ പടങ്ങളും ലേഖനങ്ങളും ബുള്ളററിനിൽ സ്വാഗതം ചെയ്യുന്നു.

—എഡിററർ.

## സെമിനാരികൾ

സെമിനാരികൾ സഭയുടെ ഒരു പ്രധാന ഭാഗമാണ്. കേരളത്തിൽ തന്നെ പല സെമിനാരികളുമുണ്ട്. രൂപതതോറും മൈനർ സെമിനാരികളുമുണ്ട്. മേജർ സെമിനാരികളും നമുക്കു കുറവല്ല. സെനാരി വിദ്യാർത്ഥികൾതന്നെ ബുള്ളററിനിൽ സെമിനാരികളെപ്പററി എഴുതാൻ സമ്മതിച്ചിട്ടുള്ളതു് വായനക്കാരെ അറിയിച്ചുകൊള്ളുന്നു.

—എഡിററർ.

## കഥകൾ

കഥ രസിക്കാത്ത ആരുണ്ട്? നല്ല നല്ല കഥകൾ ഇന്നു കുറവാണ്. കൊച്ചുകൊച്ചു കഥാകാരന്മാർ ഇന്നു വളരെയുണ്ട്. അവർക്കു പ്രോത്സാഹനമേകാൻ ബുള്ളററിൻ ഒരുങ്ങിക്കഴിഞ്ഞു. കൊച്ചു കഥാകാരന്മാരെ, നിങ്ങൾക്കു ഈ ബുള്ളററിനിൽ സ്വാഗതം.

—എഡിററർ.

www.malankaralibrary.com

# 1967-ാമാണ്ടത്തെ നക്കൽ ബഡ്ജററ്

| ചിലവിനങ്ങൾ | 1965—ലെ യഥാർത്ഥ ചിലവ് | 1965—ലെ എസ്റ്റിമേററ് | 31—10—66 വരേയുള്ള യഥാത്ഥ ചിലവ് | 1967—ലെ എസ്റ്റിമേററ് |
|---|---|---|---|---|
| | Rs. | Rs. | Rs. | Rs. |
| **ശാശ്വതമൂലധനഫണ്ട്** | | | | |
| സ്ഥിരം നിക്ഷേപം കണക്കിൽ ബാങ്കിലേയ്ക്ക് | | 4000.00 | | 4000.00 |
| **വിദ്യാഭ്യാസ ഫണ്ട്** | | | | |
| സംഭാവന | | 40000.00 | | |
| വിദ്യാഭ്യാസ ഫണ്ടുപിരിവിനുള്ള ചിലവ് | | 10000.00 | | |
| സൗജന്യവേതനങ്ങൾക്ക് | 50.00 | 500.00 | | 5000.00 |
| സ്കോളർഷിപ്പ് തിരിച്ചുതരേണ്ടതു | | | | 5000.00 |
| **കേന്ദ്ര സംഘടന ഫണ്ട്** | | | | |
| യാത്രച്ചിലവ് | | 1000.00 | | 1000.00 |
| സ്റ്റേഷനറി, അച്ചടി, ടൈപ്പിംഗ് തപാൽ | 26.00 | 600.00 | | 600.00 |
| ശാഖകൾക്ക ഗ്രാൻറ് | | 1500.00 | | 2500.00 |
| **പ്രവർത്തനഫണ്ട്** | | | | |
| ശമ്പളം, ലീവ് അലവൻസും, ഗ്രാററുവിററിയും | 2140.00 | 5000.00 | 1720.00 | 9000.00 |
| യാത്രച്ചിലവ് | 69.50 | 750.00 | 225.55 | 750.00 |
| സ്റ്റേഷനറി, അച്ചടി, ടൈപ്പിംഗ് | 259.66 | 500.00 | 376.64 | 1000.00 |
| തപാൽ, കമ്പി ടെലഫോൺ | 252.29 | 400.00 | 240.66 | 600.00 |
| ഫോൺ ഇൻസ്ററലേഷൻ ചിലവ് | | 300.00 | | 300.00 |
| മീററിംഗ് | 403.80 | 400.00 | 286.05 | 500.00 |
| കോൺഫ്രൻസുകൾ | | 500.00 | | 500.00 |
| പ്രത്യേക കമ്മിററികൾ | 5.84 | 600.00 | 107.21 | 600.00 |
| ഓഡിററ് ഫീസ് | 50.00 | 50.00 | 80.00 | 150.00 |
| ക്രിസ്തുമസ് പാരിതോഷികം. | | 75.00 | | |
| ഡെപ്യൂട്ടേഷനും മെമ്മോറിയലും | | 1000.00 | | 1000.00 |
| ബാങ്ക്ചാർജ്, മണിയോർഡർ കമ്മീഷൻ. | 20.62 | 100.00 | .40 | 100.00 |
| ആഫീസ് വട്ടച്ചിലവ് | | 150.00 | 67.84 | 150.00 |
| കാത്തലിക്ക് യൂണിയൻഫീസ് | | 200.00 | | 250.00 |
| ബുള്ളററിൻ അച്ചടി, തപാൽച്ചിലവ് | 3499.19 | 1000.00 | 90.80 | 3000.00 |
| ടൂറിസ്റ്റ്ഹോം, വാടക ശമ്പളം | 1728.45 | 1750.00 | 2066.27 | 2250.00 |
| വായനശാല, പത്രമാസികകൾ ക്കുവരിസംഖ്യ | | 75.00 | 6.75 | 150.00 |
| അപ്രതീക്ഷിതചിലവുകൾക്ക കരുതൽ | | 200.00 | | 200.00 |
| ഫർണിച്ചർ റിപ്പേഴ്സ്, ഉപകരണങ്ങൾ | | 200.00 | | 200.00 |
| **മൂന്നുലക്ഷംഫണ്ട്** | | | | |
| 1966ലെ പത്തുപൈസാപിരിവു പ്രാരംഭചിലവ് | | 20000.00 | 65.45 | |
| ബാങ്കിൽ നിക്ഷേപം. | | 280000.00 | 300.00 | |
| ബിൽസ് പേയബിൾ | | | 142.41 | 500.00 |
| കോളനൈസേഷൻ സ്കീം | | | | 200000.00 |
| എംപ്ലോയ്മെൻറ് ബ്യൂറോ | | | | 5000.00 |
| ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറർ (6 എണ്ണം) | | | | 150000.00 |
| തൊഴിലാളി സഹകരണസംഘങ്ങൾക്ക് | | | | 10000.00 |
| കെട്ടിടനിർമ്മാണ ഫണ്ടിനുള്ള പ്രാരംഭചിലവുകൾ | | 10000.00 | | |
| ഹെഡാഫീസ് കെട്ടിടം പണിയുന്നതിനു | | 190000.00 | | 200000.00 |
| കലാമണ്ഡലം | | | | 2000.00 |
| **മൂലധനച്ചിലവ്** | | | | |
| ഫർണിച്ചർ | | 200.00 | | 1000.00 |
| ആഫീസ് ഉപകരണങ്ങൾ: | | 1000.00 | 494.74 | 1000.00 |
| ലൈബ്രറി | | 50.00 | | 500.00 |
| ഭാഗ്യക്കുറി— സമ്മാനങ്ങൾക്കും, കമ്മീഷനും, മററു ചിലവുകൾക്കുംകൂടി | | | | 200000.00 |
| പലവക | 163.08 | | 37.50 | 300.00 |
| പലിശ ചിലവ് | 47.40 | | 461.55 | 3000.00 |
| അധികവരവ് | 53796.39 | 9552.00 | | 239602.00 |
| ആകെ | 62512.22 | 581652.00 | 6769.82 | 1051702.00 |

എം. സി. ചാക്കൊ മാന്തുരുത്തിൽ (ഖജാൻജി)

## അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് ബഡ്ജററ് സമ്മേളനം

മാന്യരെ,

കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധിസഭയുടെ ബഡ്ജററുസമ്മേളനം 1966 ഡിസംബർമാസം 31—ാംതീയതി ശനിയാഴ്ച പത്തുമണിക്ക് കോട്ടയം സെൻറ് ആൻസ് ഹൈസ്കൂൾഹാളിൽ താഴെക്കാണുന്ന പരിപാടിയനുസരിച്ച് കൂടുന്നതാണ്. എല്ലാ പ്രതിനിധിസഭാംഗങ്ങളുടെയും സാന്നിദ്ധ്യം ക്ഷണിച്ചുകൊള്ളുന്നു.

വിധേയൻ,
ഇ. എം. ജോസഫ്.
ജനറൽ സെക്രട്ടറി.
എ. കെ. സി. സി. ഓഫീസ്,
കോട്ടയം, 5—12—1966.

### പരിപാടി

31—12—1966
31—12—1966 രാവിലെ:
9മണിക്ക് വിഷയനിർണ്ണയ ക്കമ്മിററി.
10മണിക്ക് പ്രതിനിധി സമ്മേളനം.
1മണിമുതൽ 2മണിവരെ വിശ്രമം.
2മണിമുതൽ 5 മണിവരെ പ്രതിനിധിസമ്മേളനം.
വിഷയങ്ങൾ:—
1. പ്രാർത്ഥന
2. അദ്ധ്യക്ഷപ്രസംഗം
3. മിനിററ്സ് .
4. 1967—ലെ ബഡ്ജററ് അവതരണം.
5. പൊതു വിമർശനം.
6. ഖണ്ഡനോപക്ഷേപങ്ങൾ.
7. ബഡ്ജററ് അംഗീകരണം.
8. 1966—ലെ വരവുചിലവു കണക്ക് ഓഡിററ് ചെയ്യുവാൻ ഓഡിറററെ നിയമിക്കുക.
9. പ്രമേയങ്ങൾ.
10. അത്യാവശ്യമായ ഇതരവിഷയങ്ങൾ.
11. കൃതജ്ഞത.
12. പ്രാർത്ഥന.

N. B.— പ്രതിനിധിസഭായോഗത്തിൽ ചർച്ചചെയ്യപ്പെടാനുള്ള പ്രമേയങ്ങൾ സമ്മേളനത്തീയതിക്ക് 7 ദിവസം മുമ്പും, ഖണ്ഡനോപക്ഷേപങ്ങൾ 5 ദിവസം മുമ്പും കിട്ടിയിരിക്കേണ്ടതാണ്. ചർച്ചചെയ്യേണ്ടതായ ഉപക്ഷേപങ്ങളും, നിർദ്ദേശിക്കുന്ന തുകയും വ്യക്തമായി കാണിച്ചിരിക്കേണ്ടതുമാണ്.

### വിജ്ഞാപനം


കോട്ടയം.
5—12—1966

1966 ഡിസംബർ 20 മുതൽ 31 വരെയുള്ള കാലം കത്തോലിക്കാ കോൺഗ്രസ്സിലേയ്ക്ക് മെമ്പർമാരെ ചേർക്കുന്നതിന് എല്ലാ രൂപതാസംഘങ്ങളോടും, ശാഖകളോടും, ഇടവകകളോടും അഭ്യർത്ഥിക്കുന്നു.

കത്തോലിക്കാ കോൺഗ്രസ്സിൻെറ ഓരോ ശാഖയും 1967 ജനുവരി 31—ാംതീയതിക്കകം പ്രസിഡണ്ട്, സെക്രട്ടറി, ഖജാൻജി, എന്നീ ഭാരവാഹികളുൾപ്പെടെ 7—ൽ കുറയാതെയും 11—ൽ കവിയാതെയുമുള്ള ഒരു ശാഖാ കമ്മിററിയെ തിരഞ്ഞെടുത്ത് ഫെ. 15—ാംതീയതിക്കകം തിരഞ്ഞെടുപ്പുവിവരം രൂപതാസംഘം സെക്രട്ടറിയേയും കേന്ദ്ര കാര്യാലയത്തേയും അറിയിക്കേണ്ടതാകുന്നു. ഓരോ ശാഖയിലേയും ഉപകൃത്തുക്കളും പ്രസിഡണ്ടും, സെക്രട്ടറിയും പ്രതിനിധിസഭയിൽ അംഗമായിരിക്കും. എന്നാൽ ശാഖയിലെ സാമാജികസംഖ്യ 15—ൽ കുറവായാൽ പ്രസിഡണ്ടിനും സെക്രട്ടറിക്കും ഈ അവകാശം ഉണ്ടായിരിക്കുന്നതല്ല. ഓരോ ശാഖയ്ക്കും സാമാജികരുടെ മൊത്തം സംഖ്യയുടെ 25നു ഒന്ന്എന്ന അനുപാതത്തിൽ പ്രതിനിധികളെ തിരഞ്ഞെടുക്കാവുന്നതാണ്.

## ഓഫീസു കാര്യം മാത്രം

അനുദിനം ഈ ഓഫീസിൽ വന്നുകൊണ്ടിരിക്കുന്ന എഴുത്തുകളിൽ ചിലതെല്ലാം മേൽവിലാസ



പ്പിശകം, വ്യാമിശ്രതയുംമൂലം സത്വരനടപടികൾക്ക സഹായമല്ലാതിരിക്കുന്നു. ഭാഗ്യക്കുറിസംബന്ധിച്ച എഴുത്തുകളും മണിയോർഡറുകളും മററും കൺവീനർ, എ. കെ. സി. സി. ലോട്ടറി കമ്മിററി, നാഗമ്പടം, കോട്ടയം എന്ന മേൽവിലാസത്തിൽ മാത്രമാണ് അയയ്ക്കേണ്ടതു്. നാടകം സംബന്ധിച്ചുള്ള കാര്യങ്ങൾ ക്ക് എ. കെ. സി. സി. കലാമണ്ഡലം കൺവീനറെയാണ് സമീപിക്കേണ്ടതു്. കോൺഗ്രസ്സുസംഘടന, ബുള്ളററിൻ, റീഡിംഗ്റൂം,- ടൂറിസ്റ്റ്ഹോം മുതലായവ സംബന്ധിച്ചുള്ള എഴുത്തുകുത്തുകൾ നടത്തുന്നതിനും മണിയോർഡറുകൾ സ്വീകരിക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നതു് അസിസ്റ്റൻറു സെക്രട്ടറിയെഅത്രെ.

പ്രത്യേകംപ്രത്യേകം കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ സംബന്ധിച്ചുള്ള എഴുത്തുകൾ വെവ്വേറെ കടലാസുകളിൽ എഴുതി അയയ്ക്കുന്നതു കാര്യക്ഷമമായിരിക്കും. മേൽവിലാസങ്ങൾ കഴിയുന്നത്ര വ്യക്തമായിരിക്കേണ്ടതാണ്.

ബുള്ളററിൻവരിസംഖ്യ കുടിശ്ശിഖ തീർത്തും ക്രമമായി തുടർന്നും അയച്ചുതന്നു സഹായിക്കണമെന്നു ശാഖാസംഘം പ്രവർത്തകരോടും മററു സുഹൃത്തുക്കളോടും സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

മാമ്മൻ നന്താവനം (ഒപ്പ്)
അസിസ്റ്റൻറ് സെക്രട്ടറി
എ.കെ.സി.സി.ഹെഡാഫീസ്,
കോട്ടയം,
10—12—1966.

## മിഷ്യൻകാര്യങ്ങൾ

മിഷൻരാജ്യങ്ങളിൽ നമ്മുടെ സഹോദരങ്ങൾ എത്രയെത്ര പീഡനങ്ങളെയും ബുദ്ധിമുട്ടുകളെയുമാണു നേരിടുന്നതു്. ക്രിസ്തുവിനുവേണ്ടി അവരതു ചെയ്യുന്നു. അവരുടെ വീരേതിഹാസകഥ നമുക്കറിയേണ്ടേ? ബുള്ളററിൻ വായിക്കുക

—എഡിററർ.

## ലോകസഭ

ലോകസഭ:

ലോകത്തിൽ എത്രയോ രാഷ്ട്രങ്ങളുണ്ട്. ആ രാഷ്ട്രങ്ങളിലെ കത്തോലിക്കാസഭയുടെ നിലയെന്താണ്? അവിടെ കത്തോലിക്കാ കോൺഗ്രസ്സുപോലെയുള്ള സംഘടനകൾ ഉണ്ടോ? അവിടുത്തെ സഭാപ്രശ്നങ്ങളെന്താണ്? നമുക്ക് അവിടെനിന്ന് പലതും പഠിക്കാനുണ്ട്. ലോകരാഷ്ട്രങ്ങളിലെ കത്തോലിക്കാസഭയെപ്പററിയുള്ള ലേഖനങ്ങൾ ബുള്ളററിനിൽ പ്രതീക്ഷിക്കുക.

—എഡിററർ.

## എ. കെ. സി. സി. ശാഖാ വാർത്തകൾ

കത്തോലിക്കാ കോൺഗ്രസ്സിനു നൂറുകണക്കിനു ശാഖകളുണ്ട്. രൂപതതോറും പ്രത്യേക സംഘങ്ങളുണ്ട്. ഇവയുടെയെല്ലാം പ്രവർത്തനവും പ്രവർത്തകരും വായനക്കാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കാൻ അത്തുസ്ഥലത്തെ ബുള്ളററിൻ പ്രതിനിധികൾ ഉത്സാഹിക്കുന്നതാണെന്നു അറിയിച്ചുകൊള്ളുന്നു.

—എഡിററർ.

## കത്തോലിക്കാ ആസ്പത്രികൾ

കേരളത്തിൽ അനവധി കത്തോലിക്കാ ആസ്പത്രികളുണ്ട്. അവിടെ സേവനം ചെയ്യുന്നവരും അവിടത്തെ സേവനം ലഭിക്കുന്നവരും കുറവല്ല. വായനക്കാരുടെ പ്രത്യേക അഭ്യർത്ഥനപ്രകാരം കേരളത്തിലെ കത്തോലിക്കാ ആസ്പത്രികളെ പ്രത്യേക ലേഖകന്മാർ ബുള്ളററിനിൽ അണിനിരത്തുന്നതാണ്.

—എഡിററർ.

## രൂപതാചരിത്രം

കേരളത്തിൽ 16 രൂപതകളുണ്ട്. ഓരോ രൂപതയ്ക്കും ഐതിഹാസികമായ ചരിത്രമുണ്ട്. അവ നിങ്ങൾക്കറിയേണ്ടേ? അവിടുത്തെ പ്രവർത്തനപുരോഗതിയും നിങ്ങൾ അറിയണം. ഓരോ രൂപതയേയും പററിയുള്ള ലേഖനങ്ങൾ ബുള്ളററിനിൽ പ്രതീക്ഷിക്കുക.

—എഡിററർ.

## പള്ളികളെ പരിചയപ്പെടുക

സേവന പാരമ്പര്യംകൊണ്ടും പഴക്കംകൊണ്ടും വിശ്വവിശ്രുതമായ പള്ളികൾ നമുക്കുണ്ട്. അവിടത്തെ പ്രത്യേകതകളും പ്രവർത്തനങ്ങളും ബ്ളോക്കസഹിതം എഴുതിഅയച്ചാൽ ഈ ബുള്ളററിനിൽ ചേർക്കുന്നതാണ്.

—എഡിററർ.

—0—

www.malankaralibrary.com

# A.K.C.C. LOTTERY

# കത്തോലിക്കാ കോൺഗ്രസ് ഭാഗ്യക്കുറി

ഇൻഡ്യയിലെ ഏററവും വലിയ അൽമായസംഘടനയാണ് ഏ. കെ. സി. സി. അതു് ആറു് ദശാബ്ദങ്ങൾ പിന്നിട്ടു കഴിഞ്ഞു. ഏ. കെ. സി. സി.യുടെ വികസനപദ്ധതികളുവേണ്ടിയുള്ള ഈ ഭാഗ്യക്കുറിയിൽ മുപ്പതുലക്ഷം കത്തോലിക്കരും സഹകരിക്കുന്നു. കർദ്ദിനാൾ ഗ്രാഷ്യസ് തിരുമേനിയും, ഇൻറർനൺഷ്യോ നോക്സ് തിരുമേനിയും ഇതിനു് പ്രോത്സാഹനം നൽകുന്നു. കേരളത്തിനു പുറത്തു് മദ്രാസ്, ബോംബേ, ഡൽഹി, കൽക്കട്ട, എന്നീ വൻ നഗരങ്ങളിൽ ഈ ഭാഗ്യക്കുറി ടിക്കററുകൾ വിതരണം ചെയ്തുകഴിഞ്ഞു.


കേരളത്തിലെ


★ നാലായിരം ഇടവകകളിൽ ★

ഉൽഘാടനം ചെയ്തു.

സമ്മാനങ്ങൾ എണ്ണത്തിലും മൂല്യത്തിലും വളരെ കൂടുതലാണ്. ഒന്നാം സമ്മാനം അംബാസഡർ കാർ, അല്ലെങ്കിൽ 20,000 രൂപാ. സ്കൂട്ടർ, റഫ്രിജറേറർ, റേഡിയോ, സൈക്കിൾ, തുടങ്ങി ആകെ 200 സമ്മാനങ്ങൾ. 1967 മാർച്ച് 1-ാം തീയതിയാണ് നറുക്കെടുപ്പ്. പ്രത്യേകം നിയുക്തരായിട്ടുള്ള ജഡ്ജിമാർ ഇതിൻെറ ചുമതല വഹിക്കും. നറുക്കെടുപ്പ പൊതുയോഗത്തിൽ ബിഷപ്പുമാരും വൈദികരും അൽമായലക്ഷങ്ങളും സംബന്ധിക്കുന്നതാണ്.

## ടിക്കററു് 2 രൂപാ





സാമ്പത്തികം, രാഷ്ട്രീയം, സാമൂഹികം, സാംസ്ക്കാരികം, എന്നീ കർമ്മരംഗങ്ങളിൽ നിസ്വാർത്ഥസേവനം വഴി കത്തോലിക്കാകോൺഗ്രസ് സമുദായത്തിൻെറ പുനരുദ്ധാരണം നിർവഹിച്ചുകൊണ്ടിരിക്കുന്നു. അതിൻെറ അനസ്യൂതമായ തുടർച്ചയ്ക്കുവേണ്ടിയാണ് ഈ ഭാഗ്യക്കുറി സംവിധാനംചെയ്തിട്ടുള്ളതു്. കേരളത്തിൽ 30 ലക്ഷം കത്തോലിക്കരുണ്ട്. അഞ്ചുലക്ഷം കത്തോലിക്കാ ഭവനങ്ങളും. ഭവനമൊന്നുക്കു് കുറഞ്ഞതു് ഒരു ടിക്കററു് എങ്കിലും എന്നതാണ് വ്യവസ്ഥ.

### അഭിവന്ദ്യബിഷപ്പുമാരും വന്ദ്യവികാരിമാരും നേതൃത്വം നൽകുന്നു

വിശദവിവരങ്ങൾക്കു് പള്ളിവികാരിമാരെ സമീപിക്കുക.


Edited, Printed and Published for the Working Committee of the A. K. C. C. by the Assistant Secretary Mammen Nandavanam, at Deepika Press, Kottayam.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com